# മലയാളം
## ടീച്ചർ ടെക്സ്റ്റ്

### സ്റ്റാൻഡേർഡ് VII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

# 1 ഇളംകാറ്റ് തെല്ലൊന്ന് തൊട്ടെന്നുവന്നാൽ

## ആമുഖം

മനോഹരമായ പ്രകൃതിയുടെ സാന്നിധ്യം കൊണ്ട് അനുഗ്രഹീതമാണ് കേരളം. പ്രകൃതിയോടിണങ്ങിക്കൊണ്ട് പ്രകൃതിയെ കാണാനും ആസ്വദിക്കാനും കഴിവുള്ളവരാണ് നമ്മൾ. ഹൃദ്യമായ കാഴ്ചകളോടൊപ്പം, പുതിയ കാലം പ്രകൃതിയിൽ വരുത്തിയ മാറ്റങ്ങൾ ഉൾക്കൊള്ളാനും നമുക്ക് കഴിയേണ്ടതുണ്ട്.

ചില പ്രത്യേക ദേശങ്ങളിൽ, കാലങ്ങളിൽ ഉണ്ടാകുന്ന മനോഹരകാഴ്ചകളുണ്ട്. പ്രകൃതി ഒരുക്കുന്ന സുന്ദരകാഴ്ചകൾ സുഗതകുമാരിയുടെ 'ഭൂമിക്കുവേണ്ടിയൊരു ലാവണ്യോത്സവം' എന്ന ലേഖനഭാഗത്തിൽ കാണാം. മൂന്നാറിൽ പന്ത്രണ്ട് വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയെക്കുറിച്ചാണ് സുഗതകുമാരി ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. പന്തീരാണ്ട് വർഷങ്ങൾക്കുശേഷം മാത്രം കാണാനാവുന്ന ആ കാഴ്ച എല്ലാവരും കാണേണ്ടതുണ്ട്. ഇത് കാണുന്നതോടൊപ്പം എല്ലാക്കാലത്തും ഈ കാഴ്ചകൾ നിലനിർത്താനായി പ്രകൃതിസ്നേഹികൾക്ക് കഴിയേണ്ടതുണ്ട് എന്ന് എഴുത്തുകാരി ഓർമ്മിപ്പിക്കുന്നു.

**'ഒരു ദിനാന്ത സഞ്ചാരം'** എന്ന വള്ളത്തോൾ കവിതാഭാഗം ഒരു കുന്നിന്റെ ദൂരക്കാഴ്ചകളോടൊപ്പം അടുത്തു എത്തുമ്പോഴുണ്ടാകുന്ന കാഴ്ചയിലെ മാറ്റങ്ങളെ നമുക്ക് അനുഭവവേദ്യമാക്കുന്നു. പ്രകൃതിയെ കാണാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയാണ് ഈ രചന.

പ്രകൃതിയിലെ ജീവജാലങ്ങളോട് സ്നേഹത്തോടെയും പെരുമാറാൻ പ്രേരിപ്പിക്കുന്ന ഒരു ബംഗാളി കഥയാണ് **മനസ്സിലെ കിളി.** കിളികൾ വാനിൽ പാറി നടക്കുകയാണ് വേണ്ടത് എന്നും കൂട്ടിലിട്ട് വളർത്തി അവരുടെ സൗന്ദര്യം ആസ്വദിക്കയല്ല വേണ്ടതെന്നും ഓർമ്മിപ്പിക്കുന്നുണ്ട് കഥാകാരൻ.

ഉണങ്ങിക്കരിഞ്ഞുപോയ മരത്തിൽ ആദ്യ മഴത്തുള്ളിവീഴുമ്പോഴുണ്ടാകുന്ന ഇന്ദ്രജാലകാഴ്ചകൾ കവി ജി. കുമാരപ്പിള്ള ഇലകൾ എന്ന കവിതയിൽ അവതരിപ്പിക്കുന്നു.

മലയാളത്തിന്റെ, കേരളത്തിന്റെ പ്രകൃതി ഭംഗിയിലേക്ക് ശ്രദ്ധ ആകർഷിക്കുന്ന വരികളാണ് സത്യചന്ദ്രൻ പൊയിൽക്കാവിന്റെ 'മലയാളം കേൾക്കാൻ വായോ' എന്ന കവിത. എം. ടി. വാസുദേവൻ നായരുടെ മഞ്ഞ് എന്ന നോവലിലെ പ്രകൃതിവർണ്ണന ഇവിടെ പരിചയപ്പെടുത്തുന്നുണ്ട്. നമ്മുടെ പ്രകൃതിക്കാഴ്ചകളെ കാണാനും അവയെ നല്ല ഭാഷയിൽ വർണ്ണിക്കാനും വ്യവഹാരരൂപങ്ങളായി അവതരിപ്പിക്കാനും മലയാളസാഹിത്യത്തിനു കഴിഞ്ഞിട്ടുണ്ട്.

## പൊതുപഠനലക്ഷ്യങ്ങൾ

- പ്രകൃതിസൗന്ദര്യവുമായി ബന്ധപ്പെട്ട ആസ്വാദനാംശങ്ങൾ ഉൾപ്പെടുത്തി വിവിധ രചനകൾ വായിച്ച് ആസ്വദിക്കുകയും വ്യത്യസ്ത ജീവിതസന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.
- അനുയോജ്യമായ താളം, ഈണം, പദപ്രയോഗം, അക്ഷരവിന്യാസം തുടങ്ങിയവ കവിതയെ ആകർഷകമാക്കുന്നു എന്ന ധാരണ നേടുക.
- വർണ്ണനകൾ, നേരനുഭവങ്ങളെ സവിശേഷമായ വാക്യങ്ങളിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നൽകുകയാണെന്ന ധാരണ നേടുകയും അതനുസരിച്ച് വർണ്ണനകൾ തയ്യാറാക്കുകയും ചെയ്യുക.
- അനുഭവിച്ചറിഞ്ഞ പ്രകൃതിസൗന്ദര്യത്തെ വ്യത്യസ്ത വ്യവഹാരൂപങ്ങളിലൂടെ ആവിഷ്കരിക്കുക.
- പാഠഭാഗങ്ങൾ വിശകലനം ചെയ്ത് ഭാഷാവസ്തുതകളുടെ (വിശേഷണം, സർവനാമം, ലിംഗവചനങ്ങൾക്കനുസരിച്ച് ക്രിയകളിലെ മാറ്റം) സവിശേഷതകൾ തിരിച്ചറിഞ്ഞ് സ്വന്തം രചനകളിൽ പ്രയോഗിക്കുക.

# യൂണിറ്റ് വിശകലനം

സമയം : 16 പീരീഡ്, 10 മണിക്കൂർ 40 മിനിട്ട് യൂണിറ്റ് : 1

| ആശയം / തീം | ഉപാശയങ്ങൾ | സാഹിത്യ രൂപങ്ങൾ | പഠനലക്ഷ്യങ്ങൾ | | | ഭാഷാ വസ്തുതകൾ | വ്യവഹാര രൂപങ്ങൾ | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | | ആശയ ധാരണകൾ | ശേഷികൾ/ നൈപുണികൾ | മൂല്യം/ മനോഭാവം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| പ്രകൃതി | • പ്രകൃതി സൗന്ദര്യം ആവിഷ്കരിക്കുന്ന ധാരാളം സാഹിത്യ കൃതികൾ ഭാഷയിലുണ്ട്<br>• പ്രകൃതി രചനകൾ സാഹിത്യഭംഗി ഏറെയുള്ളവയാണ്.<br>•മനോഹരമായ പ്രകൃതിയെ ആസ്വദിക്കാൻ എല്ലാവരും ഇഷ്ടപ്പെടുന്നു. | • ആത്മകഥ<br>• കവിത<br>• കഥ | • പ്രകൃതി സൗന്ദര്യവുമായി ബന്ധപ്പെട്ട്, ആസ്വാദനാംശങ്ങൾ ഉൾപ്പെടുത്തി രചനകൾ നിർവ്വഹിക്കുന്നു.<br>•അനുയോജ്യമായ താളം, ഈണം, പദപ്രയോഗം, അക്ഷരവിന്യാസം തുടങ്ങിയവ കവിതയെ ആകർഷകമാക്കുന്നു.<br>• വർണനകൾ, നേരനുഭവങ്ങളെ സവിശേഷമായ വാക്യങ്ങളിലൂടെ മറ്റുള്ളവരിലേക്ക് പകർന്നു നൽകുകയാണെന്ന ധാരണ നേടുന്നു. | • ചിത്രങ്ങൾ, കവിതാ ശകലങ്ങൾ എന്നിവ വിശകലനം ചെയ്ത് ദൃശ്യഭംഗി കണ്ടെത്തുന്നു, കുറിപ്പുകൾ, തയ്യാറാക്കുന്നു, ചർച്ചകളിൽ പങ്കെടുക്കുന്നു.<br>• സർഗാത്മക രചനകൾ ആശയം, ഭാവം എന്നിവയ്ക്ക് അനുസരിച്ച് ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.<br>• രചനകളിലെ ഭാഷാ വസ്തുതകൾ (വിശേഷണങ്ങൾ, പദച്ചേർച്ച, സർവ്വനാമങ്ങൾ, അലങ്കാരപ്രയോഗങ്ങൾ, പ്രയോഗ ഭംഗി, സമാന പദങ്ങൾ) തിരിച്ചറിയുന്നു സ്വന്തം രചനകളിൽ ഉൾപ്പെടുത്തുന്നു.<br>• പത്രങ്ങളിലും മാധ്യമങ്ങളിലും വരുന്ന വാർത്തകൾ വിശകലനം ചെയ്യുകയും അവയിലെ പ്രധാന ആശയങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.<br>• പുഷ്പോത്സവങ്ങൾ പോലെ ഭാഷാ പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവയെക്കുറിച്ചുള്ള പത്രവാർത്തകൾ തയ്യാറാക്കുന്നു.<br>• കവിതകൾ ആശയത്തിന് അനുയോജ്യമായ ഭാവം താളം ഈണം എന്നിവ പാലിച്ച് ആലപിക്കുന്നു. അവയിലെ അർത്ഥഭംഗി, കാവ്യഭംഗി, താളഭംഗി എന്നിവ കണ്ടെത്തുന്നു.<br>• വിവിധതരം കാഴ്ചകളെ മൊബൈലിൽ പകർത്തുകയും അവയെ ഡിജിറ്റൽ ആൽബം ആക്കി മാറ്റുകയും ചെയ്യുന്നു.<br>• വായിച്ച ഭാഗങ്ങളെ ആസ്പദമാക്കി മനോഹരമായ ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു, അവ ക്ലാസ് | • ഇതര ജീവികളോടൊപ്പം മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെന്ന മനോഭാവം.<br>• പ്രകൃതിയെ ആസ്വദിക്കാനും സ്നേഹിക്കാനുമുള്ള മനോഭാവം | • പ്രയോഗ ഭംഗി, പദങ്ങളുടെ തരം തിരിക്കൽ, ചേർത്തെഴുത്ത്, താളഭംഗി | ചിത്രരചന<br>ഡിജിറ്റൽ പോസ്റ്റർ<br>പോസ്റ്റർ<br>ആസ്വാദന കുറിപ്പ്<br>ഉപന്യാസം<br>അഭിപ്രായ കുറിപ്പ്<br>പത്രവാർത്ത<br>വിശകലന കുറിപ്പ്<br>വർണ്ണന<br>കഥാപാത്ര നിരൂപണം | • വർണന<br>• ആശയത്തിന്റെ സൂക്ഷ്മ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.<br>• മനോചിത്രങ്ങളുടെ ആലങ്കാരിക അവതരണം<br>•ഭാഷയുടെ ഒഴുക്ക് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | •അനുഭവിച്ചറിഞ്ഞ് പ്രകൃതിസൗന്ദര്യത്തെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു. | മാഗസിനുകളിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നു.<br>• കഥ, കവിത എന്നിവ വായിച്ച് ആസ്വദിക്കുന്നു കാവ്യഭംഗി, പ്രയോഗ ഭംഗി തുടങ്ങിയവ ഉൾക്കൊള്ളുന്ന തരത്തിൽ ആസ്വാദനക്കുറിപ്പ് എഴുതുന്നു.<br>• കഥകൾ വായിച്ച് ആസ്വദിക്കുകയും അവയിലെ ആശയങ്ങൾ വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.<br>• സ്വാതന്ത്ര്യത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന കവിതകൾ, ഗാനങ്ങൾ ലേഖനങ്ങൾ തുടങ്ങിയവ വായിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കുകയും (ആശയ വ്യക്തത, വസ്തുനിഷ്ഠത, ഘടന, ഉപക്രമം, ഉള്ളടക്കം ഉപസംഹാരം 'എന്നിവ പാലിച്ച്) ഉപന്യാസം എഴുതുകയും ചെയ്യുന്നു.<br>• 'സർഗാത്മക രചനകൾ വായിച്ച് ആസ്വദിച്ചും, വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ സവിശേഷതകൾ രൂപം, ഭാവം, മറ്റ് കഥാപാത്രങ്ങളോടുള്ള ഇടപെടൽ, കഥാപാത്രത്തിന്റെ സ്ഥാനം എന്നിവഉൾക്കൊണ്ട് കഥാപാത്ര നിരൂപണം നടത്തുന്നു.<br>• 'സർഗാത്മക രചനകൾ വായിച്ച് കഥാപാത്രങ്ങളുടെ സ്വഭാവം, കഥയിലെ സ്ഥാനം 'തുടങ്ങിയവ വിശകലനം ചെയ്ത് സംഭാഷണം തയ്യാറാക്കുകയും അവയെ അടിസ്ഥാനമാക്കി ചെറു സംഘങ്ങളായി ലഘു നാടകങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.<br>• സർഗാത്മക രചനകളിലെ ശീർഷകങ്ങൾ വിലയിരുത്തുകയും വിശകലനം ചെയ്യുകയും അവയുടെ ഔചിത്യം കണ്ടെത്തി അവതരിപ്പിക്കുകയും ചെയ്യുന്നു.<br>• സർഗാത്മക രചനകളിലെ വർണ്ണനകൾ വായിച്ച് വിശകലനം ചെയ്യുകയും സമാനമായ വിവിധതരം കാഴ്ചകളെ കുറിച്ച് ആകർഷകമായും അലങ്കാരിക ഭാഷ ഉൾപ്പെടുത്തിയും വർണ്ണനകൾ തയ്യാറാക്കുന്നു.<br>• രചനകൾ ഭാഷാപരമായി ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നനം, വ്യവഹാര രൂപം എന്നീ തലങ്ങളിൽ സ്വന്തമായും സംഘമായും ടീച്ചറുടെ സഹായത്തോടെയും എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തുന്നു. | | | | |

## പ്രമേയം (തീം)

പ്രകൃതി

## ഉപപ്രമേയം

- പ്രകൃതിസൗന്ദര്യം ആവിഷ്കരിക്കുന്ന ധാരാളം സാഹിത്യകൃതികൾ ഭാഷയിലുണ്ട്.
- പ്രകൃതിസൗന്ദര്യത്താൽ അനുഗ്രഹീതമാണ് കേരളം.
- മനോഹരമായ പ്രകൃതിയെ ആസ്വദിക്കാൻ എല്ലാവരും ഇഷ്ടപ്പെടുന്നു.

## സാഹിത്യരൂപങ്ങൾ

- ആത്മകഥ
- കവിത
- കഥ

## പ്രതീക്ഷിത ഉത്പന്നങ്ങൾ

- അഭിപ്രായക്കുറിപ്പ്
- പോസ്റ്റർ
- ഡിജിറ്റൽ പോസ്റ്റർ
- നോട്ടീസ്
- പത്ര വാർത്ത
- കടങ്കഥ പതിപ്പ്
- ഡിജിറ്റൽ ആൽബം
- ആസ്വാദനക്കുറിപ്പ്
- വിശകലനക്കുറിപ്പ്
- ഉപന്യാസം
- കഥാപാത്ര നിരൂപണം
- നാടക സംഭാഷണം
- വർണ്ണന

## പഠനോപകരണങ്ങൾ

- ഇലകൾ കവിത  ഓഡിയോ
- കുറിഞ്ഞി പൂത്തു നിൽക്കുന്ന വീഡിയോ
- പോസ്റ്റർ മാതൃക
- നോട്ടീസ് മാതൃക
- ഡിജിറ്റൽ പോസ്റ്റർ മാതൃക
- പത്ര വാർത്താ മാതൃക
- കടങ്കഥ പുസ്തകങ്ങൾ
- ഡിജിറ്റൽ ആൽബം- പ്രകൃതി ചിത്രം, മാതൃക
- മലയാളം കാണാൻ വായോ കവിതയുടെ ഓഡിയോ

## തീം ലൈബ്രറി

- ഇലകൾ (കവിത) - ജി കുമാരപിള്ള
- പൂക്കാലം (കവിത) - കുമാരനാശാൻ
- ഗ്രാമ ഭംഗി (കവിത) - ചങ്ങമ്പുഴ (രമണൻ)
- കദളിവനം (കവിത) - കുഞ്ചൻ നമ്പ്യാർ (കല്യാണ സൗഗന്ധികം)
- വന്നുപോയി ചിങ്ങ മാസം (കവിത) - പി കുഞ്ഞിരാമൻ നായർ (പൂക്കളം)
- മുൻമൊഴി - സുഗതകുമാരി
- കുറിഞ്ഞിപ്പൂക്കൾ (കവിത) - സുഗതകുമാരി
- മനസ്സിലെ കിളി (കഥ) - ബിമലേന്ദ്ര ചക്രവർത്തി
-

## സഹായക ഗ്രന്ഥങ്ങൾ

- സാഹിത്യ മഞ്ജരി - ഒന്നാം ഭാഗം (വള്ളത്തോൾ നാരായണ മേനോൻ)
- മഞ്ഞ് - എം ടി വാസുദേവൻ നായർ
- ബാലാമണിയമ്മ കൃതികൾ

## ഇലകൾ

- കവിതയും ചിത്രവും

മഴത്തുള്ളികൾ പതിക്കുമ്പോൾ മരത്തിൽ ഇലകളിൽ വന്നുചേരുന്ന മാറ്റങ്ങൾ ചർച്ച ചെയ്തുകൊണ്ട് ആരംഭിക്കാം. കവിതയിലെ കൂടുതൽ വരികൾ കണ്ടെത്തി ചൊല്ലാൻ അവസരം നൽകുന്നു. പ്രകൃതിയിലെ കാഴ്ചകൾ വർണ്ണിക്കുന്ന മറ്റു കവിതകളും പരിചയപ്പെടുത്തണം.

പൂക്കാലം - കുമാരനാശാൻ
മഴവില്ലേ നീ മായരുതേ - വയലാർ രാമവർമ്മ
ഗ്രാമഭംഗി - ചങ്ങമ്പുഴ കൃഷ്ണപിള്ള (രമണൻ)
കദളീവനം (കല്യാണ സൗഗന്ധികം) - കുഞ്ചൻ നമ്പ്യാർ
വന്നുപോയ് ചിങ്ങമാസം - പി.കുഞ്ഞിരാമൻ നായർ (പൂക്കളം)

**? കവിതയോടൊപ്പം നൽകിയ ചിത്രത്തിൽ എന്തെല്ലാമാണുള്ളത് ?**

**? കവിതയിൽനിന്ന് വ്യത്യസ്തമായി ചിത്രത്തിൽ വേറെന്തെങ്കിലുമുണ്ടോ?**

ഗ്രൂപ്പിൽ പൊതുചർച്ച.

കണ്ടെത്തിയ കാര്യങ്ങൾ ഗ്രൂപ്പിൽനിന്നും ഒരാൾ അവതരിപ്പിക്കട്ടെ.

ഒരു ഉണങ്ങിപ്പോയ മരത്തിൽ മഴത്തുള്ളി വീഴുന്ന ദൃശ്യമാണ് ചിത്രത്തിൽ. മഴത്തുള്ളി മരത്തിൽ വന്നു പതിച്ചപ്പോൾ അതിനുണ്ടായ തരിപ്പും തുടിപ്പുമാണ് കവിതയിൽ കവി അവതരിപ്പിക്കുന്നത്.

# ഭൂമിക്കുവേണ്ടിയൊരു ലാവണ്യോത്സവം

**സുഗതകുമാരി**

കുറിഞ്ഞിപ്പൂക്കൾ കണ്ട ഓർമ്മകൾ പങ്കുവയ്ക്കുകയാണ് സുഗതകുമാരി. നീലക്കടൽ പോലെ ആടിയുലഞ്ഞ് നിൽക്കുന്ന ആ മനോഹരദൃശ്യം കാണാൻ എല്ലാവരും പോകണം എന്ന് ആവശ്യപ്പെടുന്നു.

ആ കാഴ്ചയുടെ മനോഹാരിത, കൃത്യമായി അവതരിപ്പിക്കുന്നുണ്ട് ഇവിടെ. പൂക്കളിൽ തേൻ കുടിക്കുന്ന വണ്ടുകളുടെ നിറം നീലക്കറുപ്പായി മാറുന്നത് ഈ പൂക്കളുടെ സാന്നിധ്യം കൊണ്ടാണ്.

പുഷ്പോത്സവം തീർന്നാൽ മണ്ണിൽ വിത്തെറിഞ്ഞ് ഒരു പന്തീരാണ്ട് കാലം തപസ്സനുഷ്ഠിച്ച് അടുത്ത പൂക്കലിനായ് കാതോർത്തിരിക്കുകയാണ്.

പ്രകൃതിയെ നശിപ്പിക്കുന്നവർക്ക് ഈ മണ്ണിൽ സ്ഥാനമില്ല. ഇതിനെ ആസ്വദിക്കാനും കാത്തുവെക്കാനും കഴിയുന്ന പുതിയ തലമുറയ്ക്കായ് ഈ ദൃശ്യങ്ങൾ കാണാൻ ഭാഗ്യമുണ്ടാവട്ടെ പ്രാർഥിച്ചുകൊണ്ടാണ് ലേഖനഭാഗം അവസാനിപ്പിക്കുന്നത്.

## യൂണിറ്റിലേക്ക്

ഒട്ടേറെ വിസ്മയക്കാഴ്ചകളുമായി ഈ പ്രകൃതി നമ്മെ ആകർഷിക്കുന്നു.

"നേരെ വിടർന്നു വിലസീടിന നിന്നെനോക്കി-

യാരാകിലെന്തു-മിഴിയുള്ളവർ നിന്നിരിക്കാം" (വീണപൂവ്) കുമാരനാശാൻ

**? ഇവിടെ സൂചിപ്പിച്ചിരിക്കുന്നത് എന്തിനെയാവാം?**

## സ്വതന്ത്ര പ്രതികരണം നടത്തട്ടെ.

- പ്രകൃതിഭംഗി
- പൂക്കളുടെ ഭംഗി
- 
- 

പലപ്പോഴും നമ്മെ അമ്പരിപ്പിക്കുന്ന കാഴ്ചകളാണ് പ്രകൃതി നമുക്ക് സമ്മാനിക്കുന്നത്. കാലങ്ങളോളം കാത്തിരിക്കുമ്പോൾ മാത്രം ചില ദൃശ്യവിരുന്നുകളും പ്രകൃതി നമുക്കായി തരുന്നുണ്ട്.

അത്തരം ഒരു അത്ഭുതക്കാഴ്ച നമുക്ക് പരിചയപ്പെടാം.

മൂന്നാറിൽ നീലക്കുറിഞ്ഞികൾ പൂത്തുനിൽക്കുന്ന കാഴ്ചകൾ- വീഡിയോ- കാണിക്കുന്നു.

കാഴ്ചകളെ കുറിച്ച് കുട്ടികൾ പ്രതികരിക്കട്ടെ.

തുടർന്ന് പാഠവായനയിലേക്ക് ...

പാഠാവതരണത്തിന്..

- ആദ്യഭാഗം അധ്യാപിക വായിച്ചുകൊണ്ട് തുടങ്ങാം.....
- വീഡിയോ കാണിച്ച്, സുഗതകുമാരിയുടെ കവിത കേൾപ്പിച്ച് തുടങ്ങാം.
- 

## വായിക്കാം കണ്ടെത്താം

ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനായി പാഠം ഒരു വട്ടം കൂടി കുട്ടികൾ വായിക്കട്ടെ.

പാഠഭാഗത്ത് നിന്ന് പരമാവധി ചോദ്യങ്ങൾ, ഉത്തരങ്ങൾ എന്നിവ കണ്ടെത്താൻ നിർദേശം നൽകണം.

മറ്റു രീതികളും ഇവിടെ അവലംബിക്കാം.

ചോദ്യോത്തരപ്പയറ്റ് രൂപത്തിൽ ഈ പ്രവർത്തനം നൽകാം. ഒരു ഗ്രൂപ്പിന് മറ്റൊരു ഗ്രൂപ്പിനോട് ചോദ്യങ്ങൾ ചോദിക്കാം. ഉത്തരങ്ങൾ മികച്ച രീതിയിൽ അവതരിപ്പിച്ചവരെ അഭിനന്ദിക്കാം. ഇല്ലെങ്കിൽ ഏത് ഗ്രൂപ്പാണോ വ്യക്തമായ ഉത്തരത്തിലേക്ക് എത്തുന്നത് അതുവരെ പ്രവർത്തനം തുടരണം.

## പുതിയ പദങ്ങൾ

പരിചയമില്ലാത്ത പദങ്ങൾ കണ്ടെത്തി നോട്ടുബുക്കിൽ കുറിക്കട്ടെ. ഊഹിച്ച് അർഥം പറയാൻ ശ്രമിക്കുന്നു. പാഠപുസ്തകത്തിൽ നൽകിയ നിഘണ്ടുനോക്കി അർഥം കണ്ടെത്തി അവതരിപ്പിക്കട്ടെ.

## ചർച്ച ചെയ്യാം എഴുതാം

കുട്ടികൾ ഗ്രൂപ്പായി മാറുന്നു. പാഠഭാഗത്തെ മൂന്ന് ചോദ്യങ്ങളും എല്ലാഗ്രൂപ്പിലും ചർച്ച ചെയ്യട്ടെ. ഓരോ ഗ്രൂപ്പുകളായി അവതരിപ്പിക്കട്ടെ. മറ്റു ഗ്രൂപ്പുകൾ കൂട്ടിച്ചേർക്കുന്നു. കുട്ടികൾ അവതരിപ്പിക്കുന്നതിൽ പ്രസക്തമായ ആശയം ബോർഡിൽ /ചാർട്ടിൽ എഴുതുന്നു. അങ്ങനെ താഴെപ്പറയുന്ന ആശയങ്ങളിൽ എത്തിച്ചേരണ്ടതുണ്ട്. ചാർട്ടിലെ സൂചനകളെ അടിസ്ഥാനപ്പെടുത്തി കുട്ടികൾ വ്യക്തിഗതമായി ഉത്തരങ്ങൾ എഴുതുന്നു. പരസ്പരം കൈമാറി വിലയിരുത്തി മെച്ചപ്പെടുത്തുന്നു.

- നമ്മുടെ കിഴക്കൻമലകളുടെ മടിത്തട്ടിൽ, മൂന്നാറിൽ പന്തീരാണ്ടിലൊരിക്കൽ മാത്രം വിടർന്ന് പൂത്തുലഞ്ഞ് നീലക്കടൽ പോലെ നിറഞ്ഞുലാവി ജ്വലിച്ചുനിൽക്കുന്ന ദൃശ്യം കാണാൻ ജീവിതത്തിൽ ഒരിക്കലെങ്കിലും പോകണം. കണ്ണും മനസ്സും കുളിർപ്പിക്കണം.
- ഇങ്ങനെ ഒരു പുഷ്പോത്സവം കഴിഞ്ഞാൽ ആ പൂക്കളെല്ലാം മാഞ്ഞുപോകുന്നു. ചിറകുകളെല്ലാം പറന്നകലുന്നു. ചെടികളെല്ലാം അലങ്കാരങ്ങൾ ഊരിവച്ച് ഒഴിഞ്ഞ് ഉണങ്ങിനിൽക്കുന്നു. മലഞ്ചെരിവുകൾ ശൂന്യമായിത്തീരുന്നു. പക്ഷേ ഒന്നും അവസാനിച്ചിട്ടില്ല. ആ പൂക്കളെല്ലാം മണ്ണിൽ വിത്തെറിഞ്ഞുകഴിഞ്ഞു. മണ്ണിനടിയിൽ അവയെല്ലാം കാത്തുകിടക്കുന്നു. ഇനിയൊരു പന്തീരാണ്ടുകാലം കഴിയണം. അതുവരെ നീണ്ട തപസ്സിലാണ് കുറിഞ്ഞിച്ചെടികൾ.
- പ്രകൃതി ഒരുക്കുന്ന ഈ മനോഹരക്കാഴ്ചകളെ നിലനിർത്താൻ ആദ്യം പ്രകൃതി സംരക്ഷകരായി നാം മാറണം. മഴുവുമായി ഈ ഭൂമി വെട്ടിനിരത്താൻ ആരെയും അനുവദിക്കരുത്. അവിടെ മറ്റൊരു പദ്ധതിയ്ക്കും അനുമതി നൽകാതെ പ്രകൃതിയെ പ്രകൃതിയായി നിലനിർത്താൻ നാം പരിശ്രമിക്കണം.

## ചേർത്തുവയ്ക്കുമ്പോൾ

'അവയുടെ നീലക്കറുപ്പ് മെയ്യാകെ മഞ്ഞപ്പൂമ്പൊടി പൂശിയിരിക്കുന്നു.'

മെയ്യാകെ

കറുപ്പുമെയ്യാകെ

നീലക്കറുപ്പ് മെയ്യാകെ

നീലക്കറുപ്പ് മെയ്യാകെ മഞ്ഞപ്പൂമ്പൊടി പൂശിയിരിക്കുന്നു.

നീല+കറുപ്പ്+മെയ്യ്+ആകെ+മഞ്ഞ+പൂമ്പൊടി+ പൂശിയിരിക്കുന്നു.

ആദ്യപദത്തിൽ നിന്ന് അവസാനപദത്തിലേക്ക് എത്തുമ്പോൾ എന്തുമാറ്റമാണ് ഉണ്ടായത്? ചർച്ച

ആദ്യവാക്യത്തിൽ നിന്നും അവസാന വാക്യത്തിലേക്ക് എത്തുമ്പോൾ കൂടുതൽ മിഴിവാർന്ന ഒരു ചിത്രം രൂപപ്പെടുന്നില്ലേ?

പാഠഭാഗത്ത് നിന്ന് ഇങ്ങനെ വിശേഷണങ്ങൾ ചേർത്ത കൂടുതൽ വാക്യങ്ങൾ കണ്ടെത്തട്ടെ.

ചേർത്തുവയ്ക്കുമ്പോൾ പദത്തിന്, ആശയങ്ങൾക്ക് ഭംഗി കൂടുന്നുണ്ട് എന്ന് തിരിച്ചറിയട്ടെ.

മെയ്യ് എന്ന പദത്തെ നീല, കറുപ്പ് എന്നീ പദങ്ങൾ കൊണ്ട് വിശേഷിപ്പിച്ചിരിക്കുന്നു. പൂമ്പൊടിയെ മഞ്ഞ എന്ന പദം കൊണ്ടും. ഈ വിശേഷണപദങ്ങൾ കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയണം. പദങ്ങൾ ഇങ്ങനെ ചേർത്തുവയ്ക്കുമ്പോൾ ആശയങ്ങൾക്ക് ഉണ്ടാകുന്ന മാറ്റം കുട്ടികൾ കണ്ടെത്തട്ടെ.

## പുഷ്പോത്സവം - പത്രവാർത്ത

പാഠഭാഗത്ത് നൽകിയ വാർത്ത വായിക്കട്ടെ.

- **എവിടെയാണ് പുഷ്പോത്സവം? എന്തിന്റെ ഭാഗമായി, ആരാണ് സംഘടിപ്പിച്ചത്?**
- **ഊട്ടിപോലുള്ള നഗരങ്ങളിൽ നിന്ന് മാറി പ്രാദേശികമായി ഇവ സംഘടിപ്പിക്കുന്നതുകൊണ്ടുള്ള മെച്ചമെന്താണ്?**
- **ഉത്സവങ്ങളുടെ, ആഘോഷങ്ങളുടെ ഭാഗമായി പുഷ്പോത്സവം നടത്തുമ്പോൾ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ? ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു. അവതരണം**

ഓണാഘോഷത്തിന്റെ ഭാഗമായി പുഷ്പോത്സവം സംഘടിപ്പിച്ചതിന്റെ പ്രാധാന്യം മനസ്സിലാക്കി കുട്ടികൾ അഭിപ്രായക്കുറിപ്പ് തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തൽ.

പോർട്ട് ഫോളിയോവിലേക്ക്.

സൂചകങ്ങൾ വച്ച് കുട്ടികളുടെ രചനകൾ വിലയിരുത്തലിന് വിധേയമാക്കണം.

- ഓണാഘോഷത്തോടൊപ്പം പുഷ്പോത്സവം സംഘടിപ്പിച്ചതിന്റെ പ്രാധാന്യം വ്യക്തമാക്കണം.
- വിശകലനം ചെയ്ത് അഭിപ്രായം രേഖപ്പെടുത്തണം.
- ഘടന പാലിച്ച് സവിശേഷപ്രയോഗങ്ങൾ,ശൈലി തുടങ്ങിയവ ഉപയോഗിച്ച് വായനക്കാരെ സ്വാധീനിക്കുന്ന രീതിയിൽ എഴുതണം.

### പുഷ്പോത്സവം

- മൊത്തം സ്കൂളിന്റെ പ്രവർത്തനമായി ഇത് ആസൂത്രണം ചെയ്യുന്നതാകും ഉചിതം.
- എല്ലാ ഏഴാം ക്ലാസ് ഡിവിഷനുകൾ ഒന്നിച്ചും ആ ക്ലാസ് അടിസ്ഥാനത്തിൽ ആകാം. ക്ലാസ് അടിസ്ഥാനത്തിൽ നടത്തുമ്പോൾ ക്ലാസ് പി.ടി.എ. യുടെ സഹായംകൂടി പ്രയോജനപ്പെടുത്തുമല്ലോ.
- സ്കൂളിൽ ഒരു പുഷ്പോത്സവം സംഘടിപ്പിക്കുന്നതിനായി ഒരുക്കങ്ങൾ നേരത്തെ നടത്തണം.
- സ്കൂൾ പൂന്തോട്ടം വിപുലീകരിക്കണം.
- പരിസ്ഥിതി ക്ലബുമായി ബന്ധപ്പെട്ട് ആലോചന നടത്തണം.
- പ്രദേശത്തെ ക്ലബുകൾ - കൂട്ടായ്മകൾ എന്നിവരുടെ സഹകരണത്തോടെ നടത്തണം.
- സംഘാടക സമിതി വിളിച്ച് ചേർത്ത് തിയതി നിശ്ചയിക്കണം.
- മുഴുവൻ രക്ഷിതാക്കളും പ്രദർശനം കാണാൻ ക്ഷണിക്കണം.
- പോസ്റ്റർ, നോട്ടീസ് ബോർഡ് ഇവ തയ്യാറാക്കണം.
- പരസ്യത്തിനായി ഓൺലൈൻ മാധ്യമങ്ങളെയും പ്രയോജനപ്പെടുത്താം.

ഇതിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

### പ്രശ്നോത്തരി

**ജൂൺ അഞ്ച് പരിസ്ഥിതിദിനം മുതൽ ഒരുമാസം വർത്തമാന പത്രങ്ങളിൽ വന്ന പരിസ്ഥിതിവാർത്തകളെ അടിസ്ഥാനമാക്കി ക്ലാസ്സുകളിൽ ഒരു പ്രശ്നോത്തരി സംഘടിപ്പിക്കാം. പരിസ്ഥിതി ക്ലബിന്റെ സഹായം തേടാവുന്നതാണ്.**

### കടങ്കഥ-പ്രൊജക്ട്

- നീണ്ടുനീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ
- പച്ചപ്പലകക്കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ
- പിടിച്ചാലൊരുപിടി അരിഞ്ഞാൽ ഒരു മുറം
- കട കല്ല്, നടു വടി, തല പന്തൽ
- ചെടിചെടിയിന്മേൽ കായി കൈയിൻമേൽ ചെടി.

ഈ കടങ്കഥകൾ ചാർട്ടുപേപ്പറിൽ എഴുതി പ്രദർശിപ്പിക്കുന്നു. മുള, പപ്പായ, ചീര, ചേന, കൈതച്ചക്ക എന്നീ ഉത്തരം വരുന്ന നറുക്കുകൾ ക്ലാസ്സിലെ കുട്ടികളുടെ എണ്ണത്തിന് കണക്കായി വേണം. നറുക്കുകളനുസരിച്ച് ഗ്രൂപ്പുകളാവുന്നു. ഗ്രൂപ്പുകൾ ചർച്ചചെയ്ത് ഉത്തരമായി വരുന്ന കടങ്കഥ കണ്ടെത്തുന്നു. ടീച്ചർ എല്ലാവരെയും അഭിനന്ദിക്കുന്നു. എല്ലാ ഗ്രൂപ്പിലും ഒരു കടങ്കഥാപുസ്തകം നൽകുന്നു. അതിൽനിന്നും ചെടികൾ, മരങ്ങൾ, ഫലങ്ങൾ, ഇലകൾ എന്നിവ ഉത്തരം വരുന്ന കടങ്കഥകൾ തരംതിരിച്ച് തയ്യാറാക്കുന്നു. കടങ്കഥാപതിപ്പുകൾ തയ്യാറാക്കുന്നു. കുട്ടികൾക്ക് സ്വന്തമായും കടങ്കഥകൾ ഉണ്ടാക്കി പതിപ്പിൽ ചേർക്കുമല്ലോ.

### പോസ്റ്റർ മാതൃക



- സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കണം.
- ഒരു സാമ്പിൾ മാതൃക ടീച്ചർ നിർമ്മിച്ച് കാണിക്കണം. ഡിജിറ്റലായും അല്ലാതെയും കുട്ടികൾ പോസ്റ്റർ രചനാമത്സരം നടത്തട്ടെ.

(പഠനവേഗത കുറഞ്ഞ കുട്ടികൾ ഇത്തരം പ്രവർത്തനങ്ങളിൽ താൽപര്യം കാണിക്കാറുണ്ട്. അവർക്ക് പരമാവധി അവസരം നൽകുന്നതിന് കഴിയണം.)

- പ്രദർശനത്തിന്റെ വീഡിയോ ചിത്രീകരണം നടത്തി സാമൂഹ്യ മാധ്യമങ്ങളിൽ പ്രദർശിപ്പിക്കൽ.

### തുടർപ്രവർത്തനം

- പുഷ്പോത്സവം വീട്ടിലേക്ക് വ്യാപിപ്പിക്കണം.
- എല്ലാ വീട്ടിലും ഒരു പൂന്തോട്ടം.
- ഓണക്കാലത്ത് എല്ലാ വീടുകളിലും പുഷ്പപ്രദർശനം.
- കുട്ടികളോടൊപ്പം അധ്യാപകർ വീടുകളിലേക്ക്.
- സ്വന്തം വീട്ടിലെ പ്രദർശനം വീഡിയോ ചിത്രീകരണം നടത്തി ക്ലാസ് സാമൂഹ്യമാധ്യമ ഗ്രൂപ്പുകളിൽ പങ്കുവെക്കണം.
- പത്രത്തിൽ വാർത്തകൾ തയ്യാറാക്കി നൽകണം.

## പത്രവാർത്ത

സ്കൂളിൽ നടന്ന പുഷ്പോത്സവത്തിന്റെ വാർത്ത തയ്യാറാക്കണം

## വാർത്ത തയ്യാറാക്കുമ്പോൾ

എങ്ങനെ പുഷ്പോത്സവം വാർത്ത തയ്യാറാക്കാം?

എന്തൊക്കെ ഉൾപ്പെടുത്തണം? നമുക്ക് കണ്ടെത്താം.

കുട്ടികളെ അഞ്ചുഗ്രൂപ്പുകളാക്കാം.

ഓരോ ഗ്രൂപ്പിനും പ്രസക്തമായ ഒരു പത്രവാർത്ത നൽകുന്നു.

ഗ്രൂപ്പിൽ വാർത്ത വിശകലനം ചെയ്യുന്നു.

### ചോദ്യങ്ങൾ

- **ആര്, എന്ത്, ഏത്, എപ്പോൾ, എവിടെ, എങ്ങനെ - ഈ വിവരങ്ങൾ വാർത്തയിൽ നിന്നും ലഭിച്ചുവോ?**
- **അത്യാവശ്യവിവരങ്ങൾ ഏറ്റവും ചുരുങ്ങിയ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ടോ?**
- **എല്ലാവർക്കും മനസ്സിലാവുന്ന ഭാഷയിലാണോ അവതരിപ്പിച്ചത്?**
- **തലക്കെട്ടും വാർത്തയും തമ്മിലുള്ള ബന്ധം എങ്ങനെ?**
- **സംഭവത്തിന്റെ വിശദാംശങ്ങൾ ക്രമമായി അവതരിപ്പിച്ചോ?**

കുട്ടികൾ പറയുന്ന ഉത്തരങ്ങൾ ടീച്ചർ ബോർഡിൽ രേഖപ്പെടുത്തട്ടെ.

തുടർന്ന് സ്കൂളിൽ നടന്ന പുഷ്പോത്സവം വാർത്ത കുട്ടികൾ വ്യക്തിഗതമായി തയ്യാറാക്കുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് സ്വയം വിലയിരുത്തി, പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തട്ടെ.

## സൂചകങ്ങൾ

- സ്കൂളിൽ നടന്ന പുഷ്പോത്സവം വായനക്കാരുടെ മനസ്സിൽ തട്ടുംവിധം വിശദാംശങ്ങൾ ചേർത്ത് അവതരിപ്പിച്ചു.
- ആകർഷകവും അനുയോജ്യവുമായ ഭാഷ.
- ഉള്ളടക്കത്തിന്റെ സാരാംശം സൂചിപ്പിക്കുന്നതും ആകർഷകവുമായ തലക്കെട്ട്.

വിലയിരുത്തലിന്റെ സൂചകങ്ങൾ പൊതുചർച്ചയിലൂടെ കണ്ടെത്തണം.

വിലയിരുത്തലിന്റെ ഭാഗമായി ടീച്ചർ പ്രതികരണപേജിൽ എന്തെല്ലാം രേഖപ്പെടുത്തേണ്ടതുണ്ട് ?

- വിശദാംശങ്ങൾ ചേർത്ത് ഉചിതമായ ഭാഷയിൽ എഴുതുന്നതിന് പിന്തുണ ആവശ്യമുണ്ട്.
- പദഘടന, വാക്യഘടന എന്നിവ പാലിച്ച് എഴുതാത്ത കുട്ടികൾക്ക് ലേഖനപ്രവർത്തനങ്ങളിൽ അനുഭവവിടവുണ്ട്.
- ഉള്ളടക്കത്തിന്റെ സാരാംശം ഉൾക്കൊണ്ട് തലക്കെട്ട് നൽകാനുള്ള ഭാഷാനുഭവം കൂടുതൽ വേണം.

## കുറിഞ്ഞിപ്പൂക്കൾ

**- സുഗതകുമാരി**

കിഴക്കൻ മാമലമുകളിൽ, എന്നാളും
എനിക്കു കേറുവാൻ കഴിവെഴാ ദിക്കിൽ
കടലുപോൽ നീലക്കുറിഞ്ഞി പൂക്കുന്നോ-
രിടമൊന്നുണ്ടെന്നാണവർ പറയുന്നു!

അവിടെക്കാറ്റല്ല, അവിടെപ്പൂങ്കാറ്റാ-
ണതിന്നു കണ്ണന്റെയുടലൊളിയുമാ-
ണതു കോരി കോരിക്കുടിക്കാൻ തോന്നിടും!
മതിവരില്ല,യെന്നവർ പറയുന്നൂ!

അവിടെയാകാശം ഹരിതമാകുന്നു
പ്രകൃതി പുഞ്ചിരിയടക്കി നിൽക്കുന്നു
അവിടം ദൈവത്തിൻ മനസ്സുപോൽ തെളി-
ഞ്ഞലിഞ്ഞതാണെന്നുമവർ പറയുന്നു.

ഇരുണ്ട മാമല കിടന്നു മൂകമായ്
തപംചെയ്യുംപോലും വളരെനാൾ, പിന്നെ-
യൊരു പന്തീരാണ്ടു കഴിയവേ, മിന്നി-
ച്ചുകന്നു നീലിച്ച വെളിച്ചം വീശിക്കൊ-
ണ്ടെഴുന്നള്ളും വീണ്ടും കുറിഞ്ഞിപ്പൂവുകൾ!

വിളിച്ചുവോ പൂക്കൾ? പൊടുന്നനെച്ചിറ-
കിളക്കങ്ങൾ! മിന്നിത്തിളക്കങ്ങൾ! ജീവ
ചലനകോടികൾ! മുഴങ്ങും തംബുരു
ധ്വനികൾ! ഉത്സവം കൊടിയേറും വീണ്ടും!

ഒരു പന്തീരാണ്ടിലൊരിക്കൽമാത്രം! ഞാ-
നറിയുന്നു, വീണ്ടും കുറിഞ്ഞി പൂക്കുമ്പോൾ
മലനിരകളിൽ കയറിച്ചെൽവാനെൻ
കഴലുകൾക്കാമോ? പതുക്കെ വാർദ്ധക്യം
പടിവാതില്ക്കൽ വന്നിരിക്കുന്നു....മോഹം
മതി, അടങ്ങെന്നു മതി ശാസിക്കുന്നൂ.

നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ
വസന്തമെന്നു ഞാൻ ജപിക്കുന്നു, പക്ഷേ
മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ?
അവിടെ റബ്ബറിൻ നിരകൾ നീളുമോ?
അവിടെപ്പദ്ധതിയിരമ്പിയെത്തുമോ?
ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
കിഴക്കൻ മേട്ടിലാക്കുറിഞ്ഞി പൂക്കുമോ?....

ഇനിപ്പന്തീരാണ്ടു കഴിയണം! കാത്തി-
ങ്ങിരിക്കവയ്യെന്നു പുലമ്പിയുന്മത്തം
കിളി പറക്കുംപോൽ മനസ്സു പാഞ്ഞങ്ങോ-
ട്ടണയുന്നൂ! പതഞ്ഞിളകും പൂങ്കടൽ-
ത്തിരകളിൽ ചെന്നു പതിക്കുന്നൂ! നറും
നിലാവിലെന്നപോലതിൽ കുളിക്കുന്നൂ!
ചിറകിളക്കുന്നൂ! പറഞ്ഞയയ്ക്കുന്നൂ
കദനവും ചൂടും പുകയും വിങ്ങുമീ
നഗരത്തിൻ ശൂന്യമനസ്സിൻ നേർക്കിതാ
വിദൂരമാമൊരു മധുരകൂജനം
അപൂർവമാമൊരു സുനീലചൈതന്യം!

കവിത വായിച്ചല്ലോ... ലേഖനത്തിൽ പറയാത്ത എന്തുകാര്യമാണ് കവിതയിൽ പറഞ്ഞിട്ടുള്ളത്?

# ഒരു ദിനാന്തസഞ്ചാരം

**വള്ളത്തോൾ നാരായണമേനോൻ**

പ്രകൃതിയെ നോക്കി ആനന്ദിക്കുവാൻ സാധിക്കുന്ന ഓരോ സഹൃദയനും ഈ പ്രപഞ്ചത്തെ വെറുക്കാൻ ആവില്ല. വള്ളത്തോൾ നാരായണമേനോൻറെ ഒരു ദിനാന്തസഞ്ചാരം എന്ന കവിതയിലെ ആദ്യ ഭാഗം മാത്രമാണ് ഇവിടെ നല്കിയിട്ടുള്ളത്.

മഞ്ഞുപുകയിൽ മൂടിയ കുന്ന്, കാഴ്ചയിൽ അടുക്കുന്തോറും അതിലെ മരങ്ങൾ, ചെടികൾ എന്നിവ നമ്മെ ആകർഷിക്കുന്നു. കണ്ണിന് കുളിരേകിടുന്ന കാഴ്ചകൾ ശില്പങ്ങൾ ചായപ്പണി ചെയ്തപോലെ മനോഹരമാണ് എന്ന് കവി പറയുന്നു. കുന്നിന്റെ നിമ്നോന്നതങ്ങൾ- അവിടെ നിന്ന് പുഷ്പങ്ങൾക്കിടയിലൂടെ ദൂരത്തേക്ക് നോക്കിയാൽ കടൽപോലെ കിടക്കുന്ന ആകാശത്തിന്റെ ദൃശ്യങ്ങൾ -കുന്നിന്റെ മനോഹരദൃശ്യങ്ങൾ ചാരുതയേകുന്നുണ്ട് ഇവിടെ. കാണാക്കാഴ്ചകൾതേടി കുന്നുകൾ കയറാൻ പ്രേരണ നൽകുന്നുണ്ട് ഈ കവിത.

## കവിതയിലേക്ക്

കുട്ടികളോട് ക്ലാസ്സിൽ നിന്ന് പുറത്തിറങ്ങി ഗ്രൗണ്ടിനുചുറ്റുമുള്ള കാഴ്ചകൾ കണ്ട് തിരിച്ചുവരാൻ ആവശ്യപ്പെടുന്നു. എല്ലാവർക്കും ഒരു പേപ്പറിൻറെ പകുതിഭാഗം നൽകുന്നു. കണ്ട കാഴ്ചകളെ രണ്ടോ മൂന്നോ വാക്യങ്ങളിൽ എഴുതി അവതരിപ്പിക്കട്ടെ. എല്ലാവർക്കും അവസരം. മികച്ച രീതിയിൽ എഴുതി തയ്യാറാക്കിയവരെ അഭിനന്ദിക്കുന്നു. മറ്റുള്ളവർ മെച്ചപ്പെടുത്തട്ടെ.

- പ്രകൃതിക്കാഴ്ചകൾ മനോഹരങ്ങളാണ്.
- അത് സാഹിത്യരൂപങ്ങളായി അവതരിപ്പിക്കുമ്പോൾ ആസ്വാദ്യത കൂടും.
- കവികൾ ഇത്തരം കാഴ്ചകളെ ഭംഗിയായി ആസ്വാദ്യകരമായി അവതരിപ്പിക്കുന്നവരാണ്.

മഹാകവി വള്ളത്തോൾ കണ്ട ഒരു കാഴ്ച അവതരിപ്പിച്ചിരിക്കുന്നത് നോക്കൂ...

## ഈണം കണ്ടെത്താം, വായിക്കാം

- ഗ്രൂപ്പിൽ വായന-ഈണം കണ്ടെത്തൽ.
- ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.
- അവതരണത്തെ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം.
- അവതരണം വിലയിരുത്തുമ്പോൾ.

(ഈണം, താളം, ഭാവം, അംഗങ്ങൾ തമ്മിലുള്ള യോജിപ്പ്, ശബ്ദസൗന്ദര്യം)

## വായിക്കാം പറയാം

പാഠഭാഗത്തെ ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം കണ്ടെത്തട്ടെ.

സംഘം തിരിഞ്ഞ് വായിച്ച് അവതരിപ്പിക്കുന്നു.

കൂടുതൽ മെച്ചപ്പെടുത്തി എഴുതുന്നു.

- ഇതുപോലെ കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തി ഉത്തരം തയ്യാറാക്കി അവതരിപ്പിക്കുന്നു.

## സാദൃശ്യ ഭംഗി

'ചക്രവാളത്തിൽ മുട്ടിച്ചൊരു കോട്ട പോലെ'

എന്നാണ് കവി കുന്നിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.

- ദൂരെ നിന്ന് നോക്കുമ്പോൾ ആകാശം മുട്ടി നിൽക്കുന്ന കുന്ന് -ഒരു കോട്ടപോലെയാണ്.

തുടർന്ന് -

- ശില്പങ്ങൾ ചായപ്പണി ചെയ്തപോലെ
- കാണുന്നിതങ്ങേപ്പുറമാഴിപോലെ

ആദ്യത്തിലാരാൽപ്പൂകപോലെ

ഈ കവിതയിൽ പലയിടത്തും 'പോലെ' എന്ന വാക്കുകൊണ്ട് മറ്റൊരു കാഴ്ചയെ സാദൃശ്യപ്പെടുത്തിയിരിക്കുകയാണ്.

- ഇതുകൊണ്ട് ഉണ്ടാകുന്ന ഭംഗി കുട്ടികൾ ചർച്ച ചെയ്യട്ടെ.

മേല്പോട്ട് പടുത്തുയർത്തിയ കോട്ട പോലെ എന്നുള്ള സാദൃശ്യകല്പന ഏറെ മനോഹരമാണ്. സഹ്യപർവതത്തിന്റെ ഉയരവും രൂപവൈവിധ്യവും മഹിമയും ആവിഷ്കരിക്കാൻ പോന്ന പ്രയോഗമാണിത്. സഹ്യപർവതത്തെ പല കവികളും കേരളത്തിന് സംരക്ഷണം നൽകുന്ന കോട്ടയായി കല്പിച്ചിട്ടുണ്ട്. മനുഷ്യനിർമ്മിതമായ കോട്ടയേക്കാളും ബലവത്താണ് പ്രകൃതിനിർമ്മിത കോട്ടകളായ കുന്നുകൾ. എല്ലാതരത്തിലും മനുഷ്യന് സംരക്ഷണം നൽകുന്ന കോട്ടയാണത്. അതിനാൽ ആപ്രയോഗം ഏറെ ഔചിത്യപൂർണ്ണമാണ്.

### സാദൃശ്യഭംഗി

കവികൾ സാഹിത്യരചനകളിൽ ഇത്തരം സാദൃശ്യഭംഗിയുള്ള കല്പനകൾ ചേർക്കാറുണ്ട്. പോലെ, ഒപ്പം, നേർ... തുടങ്ങിയ പദങ്ങൾ സാദൃശ്യകല്പനയ്ക്കായി ഉപയോഗിക്കാറുണ്ട്. ഗദ്യഭാഗങ്ങളിലും സംഭാഷണഭാഗങ്ങളിലും ഇത്തരം സാദൃശ്യകല്പനകൾ എല്ലാവരും ഉപയോഗിച്ചുവരുന്നു.

കവിതകളിൽ ഇത്തരം പദങ്ങൾ ഉപയോഗിക്കുമ്പോൾ ആസ്വാദനഭംഗിയും ചമത്കാരഭംഗിയും കൂട്ടാൻ സഹായിക്കുന്നു.

- കുന്നിൻപുറത്ത് പുല്ലുകൾക്കിടയിൽ കാണുന്ന ചുമന്ന മണ്ണ്. ചിത്രകാരന്മാർ വരച്ച മനോഹരമായ ഒരു ചിത്രം പോലെ തോന്നുന്നു.
- വൃക്ഷങ്ങളുടെ ഇലകൾ ഇടയ്ക്കിടെ ഇളകുമ്പോൾ അങ്ങേപ്പുറം കാണുന്ന ഇളം കറുപ്പേറിയ ആകാശം ഒരു സമുദ്രം പോലെയുണ്ട് എന്നും കവി പറയുന്നു.
- "ആ വലിയ മലഞ്ചെരിവുകൾ മുഴുവൻ വസന്തം വന്നതിന് ആഹ്ലാദനൃത്തം ചവിട്ടുന്നതുപോലെ." (ഭൂമിക്കുവേണ്ടി ഒരു ലാവണ്യദൃശ്യോത്സവം)

മറ്റു പാഠഭാഗങ്ങളിൽ നിന്ന് ഇത്തരം പ്രയോഗങ്ങൾ ചേർന്ന വരികൾ കണ്ടെത്തി, കവിതയിലെ സാദൃശ്യഭംഗിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കട്ടെ.

## വിശകലനം ചെയ്യാം

"ഇപ്പോക്കുവെയ്ലേൽക്കുകയാൽ വിചിത്ര-
വർണ്ണം വഹിക്കുന്നിതു കുന്നിതേറ്റം."

താഴെപ്പറയുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വരികളെ വിശകലനം ചെയ്ത് കുറിപ്പിലേക്ക് നയിക്കണം.

കിഴക്കുദിക്കണചെന്തെങ്ങിൽ
കരിക്കുപൊന്തിയ നേരത്ത്
മുരിക്കിൻ തൈയ്യേ നിന്നുടെ ചോട്ടിൽ
മുറുക്കിത്തുപ്പിയതാരാണ്?

- സൂര്യകിരണങ്ങൾ ഇലകൾക്കിടയിലൂടെ പതിക്കുമ്പോൾ മണ്ണ് ചുവന്നു തുടിക്കുന്നു. പുല്ലുകളിലും പൂക്കളിലും പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളികളിൽ സൂര്യരശ്മി പതിക്കുമ്പോൾ ഒരു കിരീടം പോലെ ജ്വലിച്ചു നിൽക്കുന്നു.

സൂര്യപ്രകാശം ആദ്യം പതിക്കുന്നത് കുന്നുകളിലായിരിക്കും – മരങ്ങൾക്കിടയിലൂടെ അവയുടെ ആദ്യ രശ്മികൾ പതിക്കുമ്പോൾ, മരങ്ങൾ തൻ പച്ചിലകൾക്കിടയിലൂടെ, പുല്ലിൽ പതിക്കുമ്പോൾ, പുഷ്പങ്ങളിൽ പതിക്കുമ്പോൾ ഓരോ കാഴ്ചയും മനോഹരമാകും.

തുടർന്ന് ലഘുചോദ്യങ്ങളിലൂടെ കവിതാഭാഗം കുട്ടികൾ വിശകലനം ചെയ്യട്ടെ.

**? സൂര്യപ്രകാശം ആദ്യം പതിക്കുന്നതെവിടെയാകാം?**

**? പോക്കുവെയിലേൽക്കുമ്പോൾ കുന്നിന് വിചിത്രവർണ്ണം ഉണ്ടാകാൻ കാരണമെന്താകാം?**

സന്ദർഭത്തിന് യോജിച്ച വിവിധ ഗാനങ്ങളും കവിതയും നൽകി വിശകലനം മികച്ച രീതിയിൽ ആക്കാൻ കഴിയണം.

കുട്ടികൾ വ്യക്തിഗതമായി വിശകലനക്കുറിപ്പ് തയ്യാറാക്കി ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തട്ടെ.

## ഡിജിറ്റൽ ആൽബം തയ്യാറാക്കാം

തൊട്ടടുത്തുള്ള കുന്നുകൾ സന്ദർശിച്ച് വ്യത്യസ്ത സമയത്തിലെ അവിടുത്തെ ദൃശ്യങ്ങൾ - ദൂരത്തു നിന്ന് കാണുമ്പോൾ (വിദൂരദൃശ്യം) കുന്നിനെ അടുത്ത് നിന്ന് കാണുമ്പോൾ (സമീപദൃശ്യം) വിവിധ സമയങ്ങളിൽ മൊബൈലിൽ ചിത്രീകരിക്കാം. സൂര്യൻ ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും ഉണ്ടാകുന്ന മാറ്റങ്ങൾ ചിത്രീകരിച്ച് വോയിസ് ഓവർ നൽകി ആൽബം തയ്യാറാക്കട്ടെ. ക്ലാസ്സ് സാമൂഹികമാധ്യമഗ്രൂപ്പിൽ പങ്കുവയ്ക്കട്ടെ.

(പഠനവേഗത കുറഞ്ഞ കുട്ടികളും ഇത്തരം പ്രവർത്തനം ഏറ്റെടുക്കും. എല്ലാ വിഭാഗം കുട്ടികളും ഇത്തരം പ്രവർത്തനങ്ങൾ ചെയ്തു എന്ന് ഉറപ്പു വരുത്തണം. ഇത്തരം ചിത്രങ്ങൾ ശേഖരിച്ച് അടിക്കുറിപ്പ് നല്കിയും സചിത്ര ആൽബം തയ്യാറാക്കാം.

ഡിജിറ്റൽ സാങ്കേതികവിദ്യ സാധ്യത കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

ICT സാധ്യത ഉപയോഗിച്ചുകൊണ്ട് ചില മാതൃകകൾ പരിചയപ്പെടുത്താവുന്നതാണ്.

## ചിത്രം വരയ്ക്കാം

പരക്കെ നൽപച്ചനിറം പെടുന്നീ-

കുന്നെത്രയും കൺകുളിരേകിടുന്നു

- കുന്നിൻ പുറത്തുകാണുന്ന മനോഹരദൃശ്യങ്ങൾ ചർച്ച ചെയ്യാൻ അവസരം
- പച്ചനിറം – (മരങ്ങൾ, ചെടികൾ, പുല്ലുകൾ) ഇവയുടെയെല്ലാം സാന്നിധ്യം കുന്നിനെ മനോഹരമാക്കുന്നതെങ്ങനെ? വാക്കുകൾ കൊണ്ടുള്ള ചിത്രരചനയാണിത്.

തുടർന്ന് ആ ദൃശ്യം പേപ്പറിൽ ചിത്രമായി വരയ്ക്കട്ടെ. നിറങ്ങൾ നൽകി മനോഹരമാക്കണം. അടിക്കുറിപ്പും നൽകാം.

(പഠനവേഗത കുറഞ്ഞവർക്കും കൂടി ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനം.)

ക്ലാസിൽ പ്രദർശനം ഒരുക്കണം. മികച്ച ചിത്രം വരച്ചവരെ അഭിനന്ദിക്കണം.

## ആസ്വാദനക്കുറിപ്പ്

മലയാളം കേൾക്കാൻ വായോ - എന്ന കവിത ഗ്രൂപ്പുകളായി ഈണം കണ്ടെത്തി ചൊല്ലി അവതരിപ്പിക്കട്ടെ. തുടർന്ന് ലഘുചോദ്യങ്ങളിലൂടെ ആസ്വാദനാംശങ്ങളിലേക്ക് നയിക്കണം.

- **മലയാളം എന്നതു കൊണ്ട് കേരളം എന്നാണ് ഉദ്ദേശിക്കുന്നത്. കവി കേരളത്തിന്റെ മനോഹാരിത കാണുവാനും ആസ്വദിക്കാനും കവിതയിലൂടെ ക്ഷണിക്കുകയാണ്.**
- **പുഴയുടെ മയിലാട്ടം എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നതെന്ത്?**
- **മാധവ കാലങ്ങളുടെ പ്രത്യേകതയെന്ത്?**
- **പൊന്നോണക്കാലത്ത് എന്തു ചെയ്യാനാണ് കവി പറയുന്നത്?**

- കവിതയുടെ ആശയം
- പ്രകൃതിയുടെ മനോഹാരിത
- പ്രയോഗ ഭംഗി/കാവ്യഭംഗി
- സ്വന്തം നിരീക്ഷണം

- ചോദ്യങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്യട്ടെ.
- കവിതയിലെ മനോഹരങ്ങളായ പ്രയോഗങ്ങൾ കണ്ടെത്തി വിശദമാക്കാൻ ആവശ്യപ്പെടണം.
  - » പുഴയിൽ മഴ പെയ്യുന്ന കാഴ്ച മനോഹരമാണ്. വെള്ളത്തുള്ളികൾ പുഴയുടെ പ്രതലത്തിൽ പതിച്ച് നൃത്തം വെക്കുന്നതുപോലെ തോന്നും.
  - » മാധവകാലം എന്നതുകൊണ്ട് വൈശാഖമാസം അല്ലെങ്കിൽ വസന്തകാലത്തെയാണ് സൂചിപ്പിക്കുന്നത്. അവ പൂക്കളുടെ വസന്തകാലം കൂടിയാണ്.
  - » പൊന്നോണക്കാലത്ത്, വയലുകൾ കിന്നാരം പറയുന്ന നേരത്ത് മനുഷ്യരെല്ലാം ഒത്തുചേരാനാണ് കവി ആവശ്യപ്പെടുന്നത്. ഒരുമയുടെ ആഘോഷമാണല്ലോ പൊന്നോണം.

ഇവയെല്ലാം ചേർത്ത് വ്യക്തിഗതമായി ആസ്വാദനക്കുറിപ്പ് തയ്യാറാക്കട്ടെ.

രചനകൾ ഗ്രൂപ്പിൽ ഒത്തു നോക്കട്ടെ. ചർച്ച ചെയ്ത് മെച്ചപ്പെടുത്തണം.

## ആസ്വാദനക്കുറിപ്പിൽ

- വിലയിരുത്തൽ സൂചകങ്ങൾ പൊതുചർച്ചയിലൂടെ വികസിപ്പിക്കണം.
- കവിതയിലെ പ്രധാനാശയം സ്വാംശീകരിച്ച് എഴുതിയിട്ടുണ്ട്.
- പ്രയോഗ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ തെളിവുകളും ഉദഹരണങ്ങളും ചേർത്ത് അവതരിപ്പിച്ചിട്ടുണ്ട്.
- ഉചിതമായ ഭാഷയിൽ രചന നിർവഹിച്ചിട്ടുണ്ട്.

സൂചനകളുടെ അടിസ്ഥാനത്തിൽ കുട്ടി സ്വന്തം രചന മെച്ചപ്പെടുത്തട്ടെ. പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്താം. അതിനുശേഷം അധ്യാപകർ ടീച്ചർവേർഷൻ എഴുതി അവതരിപ്പിക്കണം. അതും കൂടി വായിച്ച് കുട്ടികൾക്ക് രചന മെച്ചപ്പെടുത്താൻ ഒരു അവസരം കൂടി നൽകണം.

സൂചകങ്ങൾ വച്ച് രചന ടീച്ചറും വിലയിരുത്തണം.

വിലയിരുത്തലിനുശേഷം പ്രതികരണപേജിലേക്ക് എന്തെല്ലാം പോകേണ്ടതുണ്ട്.

- കവിത ആശയം ഉൾക്കൊണ്ടു വായിക്കാൻ ചില കുട്ടികൾക്ക് സഹായം ആവശ്യമുണ്ട്.
- കവിത വിശകലനം ചെയ്ത് പ്രയോഗഭംഗി കണ്ടെത്താൻ പ്രായോഗികാനുഭവം കൂടുതൽ വേണം.
- പദഘടന, വാക്യഘടന പാലിച്ചെഴുതാൻ അനുഭവവിടവുണ്ട്.

മെച്ചപ്പെടുത്തിയ രചനകൾ പോർട്ട്ഫോളിയോവിലേക്ക്. പതിപ്പും ആകാം.

## ദിനാന്തസഞ്ചാരം - ഒരാസ്വാദനം

മഹാകവി വള്ളത്തോളിന്റെ മനോഹരമായ കവിതയാണ്, സാഹിത്യമഞ്ജരി ഒന്നാം ഭാഗത്തിലെ 1913ൽ എഴുതിയ ഒരു ദിനാന്തസഞ്ചാരം. പ്രകൃതിയിലെ മനോഹര കാഴ്ചകൾ കാവ്യാത്മകമായി ആവിഷ്കരിക്കുന്നതിനുള്ള വള്ളത്തോളിന്റെ മികവിന് ഒരു ഉദാഹരണം കൂടിയാണീ കവിത.ഒരു ദിനാന്തത്തിലെ /വൈകുന്നേരത്തിലെ പ്രകൃതിദൃശ്യത്തിലൂടെയുള്ള കവിയുടെ ഭാവനാസഞ്ചാരം ഏറെ ആഹ്ലാദകരവും അനുഭൂതികരവും ആയിരുന്നു എന്നതിന്റെ വാങ്മയാവിഷ്കാരമാണിത്.

അസ്തമയ സൂര്യന്റെ പൊൻകിരണങ്ങൾ ഏറ്റ് മനോഹരമായി ശോഭിക്കുന്ന സഹ്യപർവതത്തിന്റെ ദൃശ്യചാരുത വാക്കുകൾ കൊണ്ട് കവി വരച്ചിരിക്കുന്നു.

കവിയുടെ കാഴ്ചയ്ക്ക് അനുഭൂതി പകർന്ന പലതരം ദൃശ്യങ്ങളിൽ ഒന്നാണ് സായംകാല കുന്നിന്റെ ദൃശ്യം. ആകാശത്തിന്റെ കിഴക്കുഭാഗത്തായി പരന്നുകിടക്കുന്ന കുന്ന്, പതിയെ പതിയെ ചക്രവാളത്തിൽ മുട്ടുന്ന തരത്തിൽ പടുത്തുയർത്തിയ കോട്ടപോലെ അനുഭവപ്പെടുന്നു. ആദ്യത്തെ കാഴ്ചയിൽ അകലെ പുകപോലെ തോന്നും. അടുക്കുംതോറും മരങ്ങളും പൂവള്ളികളും മറ്റും ഓരോന്നായി ക്രമേണ ഭംഗിയിൽ വേർതിരിഞ്ഞു നിൽക്കുന്നു. എല്ലായിപ്പോഴും ഇലകൾ നിറഞ്ഞു തിങ്ങിയ വള്ളികളാൽചുറ്റി നിൽക്കുന്ന പച്ചക്കുന്ന് കണ്ണുകൾക്ക് എത്രയും കുളിരേകിടുന്നു. പച്ചനിറത്തിനിടയിൽ, വിദഗ്ധരായ ശില്പികൾ ചായപ്പണി ചെയ്തപോലെ ചുവന്ന മണ്ണും കാണുന്നു. രണ്ടിനും ഏറെ ഭംഗിയുണ്ട്. മരങ്ങളുടെ പച്ചിലകൾ, തളിരുകൾ, പൂക്കൾ, പുല്ല് എന്നിവയിലെല്ലാം പോക്കുവെയിൽ പതിക്കുന്നു. അങ്ങനെ കുന്ന് വിചിത്രമായനിറം പോലെ അനുഭവപ്പെടുന്നു. ചില ഭാഗം മറയ്ക്കാതെ ശൂന്യമായും ചില ഭാഗം മേഘങ്ങളാൽ മറഞ്ഞും താഴ്ന്നും ഉയർന്നും പലതരത്തിൽ ശോഭിക്കുന്നു. ഇലകൾ ഇളകുന്ന വൃക്ഷങ്ങളുടെയും വള്ളികളുടെയും ഇടയിലൂടെ ഇളംകറുപ്പ് കലർന്ന കിഴക്കൻ ചക്രവാളം കടലുപോലെ കാണപ്പെടുന്നു. ഒരു കുന്നിന്റെ വിവിധരൂപഭാവത്തിലുള്ള ദൃശ്യഭംഗി ആവിഷ്കരിക്കുന്ന കവിതയാണിത്. കാഴ്ചയിൽ അനുഭവപ്പെടുന്നവ കൽപനാചാരുതയോടെ വള്ളത്തോൾ വരച്ചിടുന്നു. മേല്പോട്ട് പടുത്തുയർത്തിയ കോട്ടപോലെ എന്നുള്ള സാദൃശ്യകൽപ്പന ഏറെ മനോഹരമാണ്. സഹ്യപർവതത്തിന്റെ ഉയരവും രൂപവൈവിധ്യവും മഹിമയും ആവിഷ്കരിക്കാൻ പോന്ന പ്രയോഗമാണിത്. സഹ്യപർവതത്തെ പല കവികളും കേരളത്തിന് സംരക്ഷണം നൽകുന്ന കോട്ടയായി കൽപ്പിച്ചിട്ടുണ്ട്. മനുഷ്യ നിർമ്മിതമായ കോട്ടയേക്കാളും ബലവത്താണ് പ്രകൃതിനിർമ്മിത കോട്ടകളായ കുന്നുകൾ. എല്ലാതരത്തിലും മനുഷ്യന് സംരക്ഷണം നൽകുന്ന കോട്ടയാണത്. അതിനാൽ ആപ്രയോഗം ഏറെ ഔചിത്യപൂർണ്ണമാണ്.

അതിവിദൂരക്കാഴ്ചയും വിദൂരക്കാഴ്ചയും സമീപക്കാഴ്ചയും ഒക്കെ കവി വാക്കുകൾ കൊണ്ട് വരച്ചിരിക്കുന്നത് ഹൃദ്യമായിട്ടാണ്. അകലെ കണ്ടപ്പോൾ പുകപോലെ തോന്നിയ കുന്ന് സമീപക്കാഴ്ചയിൽ മരങ്ങളും പൂവള്ളികളുമായി വേർതിരിയുന്നതായി കൽപ്പിച്ചിരിക്കുന്നു. ദൂരക്കാഴ്ചയിൽ ഒന്നായിരിക്കുന്നത് സമീപകാഴ്ചയിൽ വ്യത്യസ്തതകളാൽ വേർപിരിയുന്ന പ്രകൃതിദൃശ്യം കൂടിയാണിത്. വൃക്ഷങ്ങളാൽ നിറഞ്ഞ കുന്നുകളുടെ പച്ചപ്പേറുന്ന ഭംഗി അതീവമനോഹരമാണ്. പച്ചപ്പിനിടയിൽ കാണുന്ന ചുവന്ന മണ്ണിനെ ശില്പികളുടെ ചായപ്പണിയായി കൽപ്പിക്കുന്നതിലെ ചമല്ക്കാരം ഹൃദ്യമാണ്. മരങ്ങളിലും വള്ളികളിലും തളിരുകളിലും പൂക്കളിലും പുല്ലുകളിലും പോക്കുവയിൽ പതിക്കുമ്പോൾ ഉണ്ടാവുന്ന നിറഭേദഭംഗി സൂക്ഷ്മമായി നിരീക്ഷിച്ച് കവി രേഖപ്പെടുത്തിയിരിക്കുന്നു.

കുന്നിന്റെ മറ്റൊരു ദൃശ്യഭംഗി ചിത്രീകരിക്കുന്നത്, മറഞ്ഞു കാണുന്ന ഭാഗവും മറയാതെ കാണുന്ന ഭാഗവും ഉയർന്ന ഭാഗവും താഴ്ന്ന ഭാഗവും ഒക്കെ വരച്ചിട്ടുകൊണ്ടാണ്. കുന്നുകളുടെ ഘടന ഇങ്ങനെയാണ്. അത് ഓരോ വ്യക്തിക്കും വ്യത്യസ്തമായ കാഴ്ചയാണ് നൽകുന്നത്. ഇളകുന്ന ഇലചാർത്തുകൾക്കിടയിലൂടെ ഇളംകറുപ്പ് കലർന്ന ചക്രവാളത്തെ കാണുമ്പോൾ തിരയിളകുന്ന സമുദ്രത്തിന്റെ ഭംഗി ദർശിക്കാൻ കഴിയും എന്ന് കവി വർണ്ണിക്കുന്നു. ആകാശവും കടലും ഇളംകറുപ്പിനാൽ ശോഭി

ക്കുമ്പോൾ ഉണ്ടാവുന്ന ചലനാത്മകതയെ സൂചിപ്പിക്കാൻ ഇളകുന്ന പച്ചിലച്ചാർത്തുകളെ കവി കൂട്ടു പിടിച്ചിരിക്കുന്നു. ഒരു കുന്നിന്റെ ദൃശ്യഭംഗിയെ ചലനാത്മകമായി ഏറെ ജൈവികമായി, സ്വാഭാവികമായി ചിത്രീകരിക്കുന്ന കാവ്യവൈഭവമാണ് ഈ കവിതയിലൂടെ കാണാൻ കഴിയുന്നത്. വാക്കുകൾ കൊണ്ട് പ്രകൃതിദൃശ്യങ്ങളെ വർണ്ണിക്കുന്ന ഇത്തരം കവിതകൾ, പ്രകൃതിയെ അറിയാനും ദൃശ്യങ്ങൾ കാണാനും ആസ്വദിക്കാനും അതിലൂടെ പ്രകൃതിയിലെ കുന്നുകളെയും മരങ്ങളെയും വള്ളികളെയും പുഴകളെയും ഒക്കെ സംരക്ഷിക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തിയെടുക്കാൻ വായനക്കാരെ പ്രേരിപ്പിക്കും.

# മനസ്സിലെ കിളി

## ആമുഖപ്രവർത്തനം

“ആവൂ, വിശപ്പില്ലേ?കാച്ചിയപാലിതാ
തൂവെള്ളിക്കിണ്ണത്തിൽ തേൻകുഴമ്പും
നല്ല പഴങ്ങളുമാവോളം ഭക്ഷിച്ചു
വല്ലതും മുൻമട്ടിൽ സംസാരിപ്പിൻ “
പ്രീതിയാലീവക സ്വാഗതക്കൊഞ്ചലോ -
ടാതിഥ്യം പെൺകിടാവാരംഭിക്കെ
വീതിയുള്ളാകാശം ചുറ്റുമജ്ജീവികൾ
ഭീതിപൂണ്ടന്യോന്യം നോക്കി വീണ്ടും.
ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ”

**(വള്ളത്തോൾ)**

ചാർട്ടിൽ തയ്യാറാക്കിയ ഈ കവിത കുട്ടികൾ വായിക്കട്ടെ.

- **കിളിയോട് കുട്ടി എന്താണ് പറയുന്നത്?**
- **എല്ലാ സുഖസൗകര്യങ്ങളോടുകൂടി കൂട്ടിൽ താമസിക്കാൻ പക്ഷി ഇഷ്ടപ്പെടുന്നുണ്ടോ?**
- **വിശാലമായ ആകാശമാണോ കാഞ്ചനത്തിന്റെ കൂടാണോ കിളിക്ക് കൂടുതൽ ഇഷ്ടം? എന്തുകൊണ്ട്?**

**കിളിയെ കൂട്ടിലടയ്ക്കാൻ ഇഷ്ടമല്ലാത്ത ഒരു കുട്ടിയുടെ കഥ (മനസ്സിലെ കിളി) നമുക്ക് വായിക്കാം.**

## പാഠഭാഗത്തിലേക്ക്

“പറഞ്ഞുനോക്കുക നിങ്ങൾക്കെത്ര കിളിയുടെ പാട്ടറിയാം” കിളികളുടെ ശബ്ദം ആസ്വദിക്കുന്നവരാണ് നമ്മൾ.

## മനസ്സിലെ കിളി

ബിമലേന്ദ്ര ചക്രവർത്തി ബംഗാളി ഭാഷയിൽ എഴുതിയ കഥയാണ് മനസ്സിലെ കിളി. ഈ കഥ The Bird of Mind എന്ന പേരിൽ Sayan Chowdhari ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഇത് ജെ. കുമാർ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.

പിക്‌ലു എന്ന കുട്ടി പക്ഷികളെ അതിയായി സ്നേഹിക്കുന്നു. അവൻ രാവിലെ ഉണർന്നാൽ അവയുടെ ശബ്ദം കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ അവന്റെ ചേട്ടൻ അങ്ങനെയല്ല. കൂട്ടിലിട്ട് പക്ഷികളെ വളർത്താന ആഗ്രഹിക്കുന്നവൻ.

ഒരു ദിവസം ഇങ്ങനെ കൂട്ടിൽക്കിടക്കുന്ന മൈനയുടെ രോദനം കേട്ടാണ് അവൻ എഴുന്നേറ്റ് വന്നത്. ഈ കാഴ്ച അവനെ ദുഃഖിതനാക്കി. അവൻ കൂട് തുറന്നു മൈനയെ സ്വതന്ത്രയാക്കി. മുറിവേറ്റ കാലിൽ മരുന്നു പുരട്ടി. മൈനയ്ക്ക് സന്തോഷം. മൈനപ്പെണ്ണ് പാട്ടുപാടി. ഇതുകേട്ട് പലയിനം പക്ഷികൾ അവിടെ വന്നു നിറഞ്ഞു.

മൈന പറന്നുപോയെങ്കിലും അവന് സങ്കടമായിരുന്നു. കാട്ടിലുള്ള അതിന്റെ അമ്മയെ കാണാനാവുമോ? പിറ്റേദിവസം മൈനപ്പെണ്ണ് തന്റെ അമ്മയുമായി വന്ന് പൂമരക്കൊമ്പിലിരുന്ന് അവനെ വിളിക്കുന്നു. അവൻ ആഹ്ലാദതിമിർപ്പിലാറാടി.

കിളികൾ ഈ പ്രകൃതിയുടെ ഭാഗമാണ്. അവ പാറിപ്പറന്ന് ഈ ആകാശത്ത് വിരാജിക്കട്ടെ. അവയെ കൂട്ടിലടക്കാൻ മനുഷ്യനവകാശമില്ല. അതവരുടെ സ്വാതന്ത്ര്യമാണ്.

പുതിയ കാലത്ത് സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയാകുന്ന ചിലതൊക്കെ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. അവയെ വിശകലനം ചെയ്യാനും സ്വാതന്ത്ര്യത്തിന്റെ അർഥതലങ്ങൾ കണ്ടെത്താനും കഴിയേണ്ടതുണ്ട്.

## വായിക്കാം പറയാം

പാഠഭാഗത്തിന്റെ ആദ്യ വായനയ്ക്ക് ശേഷം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ഒരിക്കൽകൂടി പാഠവായന നടത്തട്ടെ. ഓരോ ഖണ്ഡികയായി ഓരോ ഗ്രൂപ്പിന് നൽകി അധിക ചോദ്യങ്ങൾ കണ്ടെത്തി ഉത്തരം അവതരിപ്പിക്കാനും കുട്ടികൾക്ക് അവസരം നൽകണം.

## പുതിയ പദങ്ങൾ

പരിചിതമല്ലാത്ത പദങ്ങൾ നോട്ട്ബുക്കിൽ എഴുതണം. ഊഹിച്ച് അർഥം പറയാൻ അവസരം നൽകണം. നിഘണ്ടു നോക്കി പാഠസന്ദർഭത്തിനിണങ്ങുന്ന അർഥം കണ്ടെത്തി രേഖപ്പെടുത്തട്ടെ.

## കണ്ടെത്തി എഴുതാം

ചോദ്യങ്ങളുടെ ഉത്തരം കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തി എഴുതട്ടെ. പിന്നെ സംഘങ്ങളായി തിരിഞ്ഞ് പങ്കുവയ്ക്കട്ടെ.

- കിളികളുടെ ലോകമാണ് അവന്റേത്. എന്നും അവയുടെ ശബ്ദം കേട്ടുകൊണ്ടാണ് അവൻ ഉണരുന്നത്. അന്ന് രാവിലെ പൂന്തോട്ടത്തിൽ എത്തിയപ്പോൾ ആദ്യം കിളികളെയൊന്നും കണ്ടില്ല. പിന്നീട് അവരെല്ലാമെത്തി അവനെ സന്തോഷിപ്പിച്ചു. അതാണ് അവനെ അശാന്തനാക്കിയത്.
- കിളികൾ വാനത്തു പറന്നു നടക്കേണ്ടവയാണ് എന്ന ബോധ്യമുള്ള കുട്ടിയാണ് പിക്‌ലു. കൂട്ടിലിട്ടു വളർത്തുന്നതിനോ അവന് യോജിപ്പില്ല.

## പേരിനു പകരം പദമെഴുതാം

പിക്‌ലുവിന് പകരം 'അവൻ' എന്ന മാതൃകയിലാണ് വരികൾ പൂർത്തിയാക്കേണ്ടത്.

- ഇങ്ങനെ മാറ്റിയെഴുതിയതുകൊണ്ടുണ്ടായ സവിശേഷതകൾ എന്തൊക്കെയാണ്? ചർച്ച

ആവർത്തനം ഒഴിവായി
വാക്യത്തിന് ഭംഗി കൂടി

പേരിനുപകരം ഉപയോഗിക്കുന്ന അവൻ, അവൾ, അവർ, അത്, അവ പോലുള്ള പദങ്ങൾ ചേർന്നു വരുന്ന കൂടുതൽ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

## വ്യത്യാസം തിരിച്ചറിയാം

- പിക്‌ലു ദുഃഖിതനായിരുന്നു.
- അമ്മ ദുഃഖിതയായിരുന്നു.
- അവർ ദുഃഖിതരായിരുന്നു.

ദുഃഖിതൻ, ദുഃഖിത, ദുഃഖിതർ എന്നീ പദങ്ങളിൽ മാറ്റം വരുന്നതെന്തുകൊണ്ട്? ചർച്ച

| | | |
|---|---|---|
| ദുഃഖിതനായിരുന്നു | - | പുരുഷനെ സൂചിപ്പിക്കുന്നു |
| ദുഃഖിതയായിരുന്നു | - | സ്ത്രീയെ സൂചിപ്പിക്കുന്നു |
| ദുഃഖിതരായിരുന്നു | - | പുരുഷന്മാരെയും സ്ത്രീകളെയും കുറിച്ച് സൂചിപ്പിക്കുന്നു. |

ഇങ്ങനെയുള്ള ഉത്തരങ്ങൾ കണ്ടെത്തട്ടെ. കൂടുതൽ വാക്യങ്ങൾ കുട്ടികൾ കണ്ടെത്തി പട്ടികപ്പെടുത്തട്ടെ.

എല്ലാ ക്രിയകളും ഇങ്ങനെ ലിംഗവചനങ്ങൾക്കനുസരിച്ച് മാറുന്നുണ്ടോ?

കുട്ടികൾ കൂടുതൽ ഉദാഹരണം കണ്ടെത്തി അവതരിപ്പിക്കട്ടെ.

## ഉപന്യാസം തയ്യാറാക്കാം

രണ്ടു കവിതയിലെയും വരികളുടെ ആശയം ഗ്രൂപ്പിൽ ചർച്ചചെയ്യട്ടെ.

കിളികളുടെ സ്വാതന്ത്ര്യമാണ് ആദ്യ കവിതയിൽ.

മനുഷ്യസ്വാതന്ത്ര്യ മഹത്വമാണ് ആശാന്റെ വരികളിൽ.

ഇന്ത്യൻ സ്വാതന്ത്ര്യസമരപശ്ചാത്തലത്തിലുള്ളതാണ് ഈ രണ്ടു കവിതകളും.

സ്വാതന്ത്ര്യം പക്ഷികൾക്കെന്നപോലെ മനുഷ്യർക്കും പ്രധാനപ്പെട്ടതാണ്.

## ഉപന്യാസത്തിൽ

- കവിതകളിലെ സ്വാതന്ത്ര്യം
- മനസ്സിലെ കിളി എന്ന കഥയിലെ സ്വാതന്ത്ര്യബോധം
- പുതിയ കാലത്ത് സ്വാതന്ത്ര്യത്തിന് ഉണ്ടാകുന്ന വെല്ലുവിളി
- സ്വാതന്ത്ര്യത്തിന്റെ ആവശ്യകത

മുകളിൽ നൽകിയ സൂചനകൾ ഓരോ ഗ്രൂപ്പ് ചർച്ച ചെയ്ത് അവതരിപ്പിക്കട്ടെ. ആവശ്യമായ വിവരങ്ങൾ കുട്ടികൾ നോട്ടുബുക്കിൽ രേഖപ്പെടുത്തണം. ഓരോന്നും ഖണ്ഡിക തിരിച്ച് വിശദീകരിച്ച് സ്വന്തം അഭിപ്രായം കൂടി ചേർത്ത് ഉപന്യാസം രചിക്കട്ടെ. ഗ്രൂപ്പിൽ ചർച്ചചെയ്ത് മെച്ചപ്പെടുത്തി പോർട്ടു ഫോളിയോയിലേക്ക്.

## ഉപന്യാസം

### വിലയിരുത്തൽ സൂചകങ്ങൾ

- ഉൾപ്പെടുത്തിയ ആശയങ്ങളുടെയും നിരീക്ഷണങ്ങളുടെയും നിലപാടുകളുടെയും യുക്തിയും പ്രസക്തിയും.
- ഉപന്യാസത്തിന്റെ ഘടന (ആമുഖം, ഖണ്ഡികാകരണം പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം).
- ഉപയോഗിച്ച ഭാഷയുടെ സവിശേഷത (പ്രയോഗങ്ങൾ, ശൈലികൾ) മുതലായ കാര്യങ്ങൾ...

പ്രക്രിയാഘട്ടവും ഉൽപന്നവും വിലയിരുത്തലിന് വിധേയമാക്കണം.

## കഥാപാത്രനിരൂപണം

**പിക്‌ലുവിന്റെ സ്വഭാവസവിശേഷതകൾ കുട്ടികൾ വ്യക്തിഗതമായി പറയട്ടെ.**

- പ്രകൃതി സ്നേഹം
- കിളികളുടെ ശബ്ദത്തോട് സ്നേഹം
- പക്ഷികളെ കൂട്ടിലടയ്ക്കുന്നതിനോട് എതിർപ്പ്
- മനുഷ്യനെപ്പോലെ മറ്റു ജീവജാലങ്ങളെയും കാണുന്നു
- 

ഓരോ കുട്ടിയും ആവശ്യമായ കാര്യങ്ങൾ കുറിച്ച് വയ്ക്കണം. തുടർന്ന് വ്യക്തിഗതമായി കഥാപാത്ര നിരൂപണം തയ്യാറാക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് ചർച്ചചെയ്ത് മെച്ചപ്പെടുത്താം.
ഏതാനും എണ്ണം അവതരിപ്പിക്കട്ടെ.

**വിലയിരുത്തൽ സൂചകങ്ങൾ**

- പിക്‌ലുവിന്റെ സവിഷേതകൾ വിശദമാക്കിയിട്ടുണ്ട്.
- കഥയിലെ സ്ഥാനം വ്യക്തമാക്കിയിട്ടുണ്ട്.
- പിക്‌ലുവിനെ വിലയിരുത്തി സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- മികച്ച ഭാഷാശൈലി സ്വീകരിച്ച് കഥാപാത്രനിരൂപണം തയ്യാറാക്കിയിട്ടുണ്ട്.

രചനയിലെ മികവ് അധ്യാപകർ വിലയിരുത്തണം.

**പിക്‌ലു - കുട്ടികൾക്കിടയിലെ പക്ഷിസ്നേഹി**

ബിമലേന്ദ്രചക്രവർത്തി എഴുതിയ മനസ്സിലെ കിളി എന്ന കുട്ടിക്കഥയിലെ പ്രധാന കഥാപാത്രമാണ് പിക്‌ലു. പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയാണവൻ. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളോടും വളരെ സ്നേഹത്തോടെ അതിരറ്റ കാരുണ്യത്തോടെ പെരുമാറുന്ന കുട്ടി എന്ന നിലയിൽ പിക്‌ലു വലിയവനായി തീരുന്നു ഇവിടെ.

കഥയിലെ കേന്ദ്രകഥാപാത്രമാണ് പിക്‌ലു. നാലംഗ കുടുംബത്തിലെ ഇളയപുത്രൻ. അവന് സന്തോഷമാകണമെങ്കിൽ രാവിലെ എണീറ്റ ഉടനെ പക്ഷികളുടെ ശബ്ദം കേൾക്കണം. അതിനായി രാവിലെ പൂന്തോട്ടത്തിൽ ഉലാത്തും അവൻ. ഇവിടേയ്ക്ക് വരുന്ന വിവിധതരം പക്ഷികളെ സ്നേഹത്തോടെ ലാളിയ്ക്കുമവൻ. അവനെ കാണുന്നത് കിളികൾക്കും എത്ര സന്തോഷമാണെന്നോ!

പിക്‌ലുവിന്റെ ചേട്ടനായ ടോട്ടൻ ഒരു ദിവസം ഒരു കിളിയെ പിടിച്ചുകൊണ്ടുവന്ന കൂട്ടിൽ കെട്ടിയിട്ടു. അതിന്റെ ദീനരോദനം കേട്ടുകൊണ്ടാണ് അവൻ അന്നേ ദിവസം ഉണർന്നുവന്നത്. അവന് ആ കാഴ്ചകണ്ട് സങ്കടം സഹിക്കവയ്യാതായി. അമ്മയിൽ നിന്നും ഈ ക്രൂരകൃത്യം ചെയ്തത് തന്റെ ചേട്ടനാണെന്ന് അവൻ മനസ്സിലാക്കി. അവൻ കൂടുതുറന്ന് പക്ഠിയുടെ കെട്ടഴിച്ച് അതിനം കൈയിലെടുത്തു. അമ്മയുടെ സഹായത്താൽ അതിന്റെ മുറിവുകളിൽ മരുന്ന് വച്ച് അതിനെ പറത്തിവിട്ടു. അപ്പോഴും അവന് ഒരു സങ്കടം ബാക്കിയായിരുന്നു. കാട്ടിൽനിന്നും പിടിച്ചുകൊണ്ടുവന്ന് കൂട്ടിലടയ്ക്കപ്പെട്ട ആ കിളിയ്ക്ക് അതിന്റെ അമ്മയെ കാണാനൊക്കുമോ എന്ന്.

കിളികളെ പിടിച്ചുകൊണ്ടുവന്ന് കൂട്ടിലടച്ചതിന് തന്റെ ചേട്ടനായ ടോട്ടനോട് തർക്കിക്കുന്നുണ്ടവൻ. തന്റെ രോഷം മുഴുവൻ ചേട്ടനോട് പ്രകടിപ്പിക്കുകയും ചെയ്യുന്നുണ്ട് അവൻ. ഇതിലൂടെ കിളികളോടുള്ള ഇഷ്ടം പ്രഖ്യാപിക്കുകയാണ് പിക്‌ലു.

പ്രകൃതിയിലെ ജീവജാലങ്ങളെല്ലാം അതിന്റെ തനത് ഇടങ്ങളിലാണ് ജീവിക്കേണ്ടതും വളരേണ്ടതും. സ്വാഭാവികമായും അതിനെ തടവറയിലാക്കുന്നത് സ്വാതന്ത്ര്യത്തെ നിഷേധിക്കലാണ്. ഒരു ജനാധിപത്യവാദിയായ വലിയ മനുഷ്യനായി കുഞ്ഞു പിക്‌ലുവിനെ ഈ കഥയിൽ കാണാം. പ്രകൃതിജീവജാലങ്ങളോടെല്ലാമുള്ള അവന്റെ സ്നേഹം എടുത്തുപറയേണ്ടതാണ്. മനുഷ്യർ അനുഭവിക്കുന്ന സ്വാതന്ത്ര്യമെല്ലാം കിളികൾക്കുമുണ്ടന്ന് ഉറച്ചുവിശ്വസിക്കുന്നവനാണ് മനസ്സിലെ കിളി എന്ന കഥയിലെ പിക്‌ലു.

ഈ കഥയിലെ ഏറ്റവും മികച്ച കഥാപാത്രം തന്നെയാണ് പിക്‌ലു. പ്രകൃതിസ്നേഹവും സ്വാതന്ത്ര്യബോധവും അവന്റെ പ്രായത്തിലുള്ള ഒരു കുട്ടിയിൽ നിന്ന് കാണാനാവുന്നത് നമ്മെ ഏറെ സന്തോഷിപ്പിക്കുന്നു. ആ ബോധ്യം മറ്റുള്ളവരിലേക്കും പകരാൻ നമുക്ക് കഴിയണം.

## സംഭാഷണം തയ്യാറാക്കി അവതരിപ്പിക്കുക.

ഭാഗം 1 - രാവിലെ എഴുന്നേറ്റ് കിളികളോട് പറയുന്നത്

ഭാഗം 2 - മൈനയുടെ കരച്ചിൽ കേട്ട് വരവ്- അമ്മയോട് അന്വേഷണം

ഭാഗം 3 - ചേട്ടനുമായി തർക്കിക്കൽ

ഭാഗം 4 - പിറ്റേദിവസം കിളികൾ കാണാൻ വന്നപ്പോൾ

4 ഗ്രൂപ്പുകളായി കുട്ടികൾ ഈ ഭാഗത്തിന്റെ സംഭാഷണം എഴുതി തയ്യാറാക്കട്ടെ.

ടീച്ചർ ആവശ്യമായ സഹായം ചെയ്യുമല്ലോ.

- കഥാപാത്രങ്ങളെ നിശ്ചയിക്കൽ, വേഷം-മേക്കപ്പ്, മുഖംമൂടി, രംഗസജ്ജീകരണം, സംവിധാനം...
- സംഭാഷണം നാടകമോ സ്കിറ്റോ ആയി മാറ്റുമല്ലോ.
- ഓരോ ഗ്രൂപ്പിന്റെയും അവതരണം മറ്റുഗ്രൂപ്പുകൾ വിലയിരുത്തണം.

## വിവർത്തന സാഹിത്യം

വിവർത്തനത്തിൽ രണ്ടു ഭാഷകളാണ് ഇടപെടുന്നത്. ഏത് ഭാഷയിൽ നിന്നാണോ വിവർത്തനം ചെയ്യുന്നത് ആഭാഷയെ സ്രോതഭാഷ (source language) എന്നും ഏത് ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയെ ലക്ഷ്യഭാഷ (Target language) എന്നും അറിയപ്പെടുന്നു. സ്രോത ഭാഷയിൽ നിന്ന് ലക്ഷ്യഭാഷയിലേക്ക് ഒരു കൃതിയെ മാറ്റുന്ന പ്രക്രിയയാണ് വിവർത്തനം. 'ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് മാറ്റുക എന്ന കൃത്യംഅഥവാ പ്രക്രിയ അതിന്റെ ഉൽപ്പന്നം ഒരു വ്യത്യസ്ത ഭാഷയിലുള്ള പാഠം എന്നാണ് ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു വിവർത്തനത്തിന് നൽകിയിരിക്കുന്ന നിർവചനം.

അടിസ്ഥാനപരമായി വിവർത്തനം ഒരു പാഠമാറ്റ പ്രക്രിയയാണ്. ആ പാഠമാറ്റം എന്നുള്ളത് വളരെ ഫലവത്തായി നിർവഹിക്കുക എന്നുള്ളതാണ് വിവർത്തകരെ സംബന്ധിച്ചടത്തോളം പ്രാധാന്യമുള്ളത്.

മലയാളഭാഷയിൽ വിവർത്തനം എന്ന പ്രക്രിയയെ സൂചിപ്പിക്കാൻ പരിഭാഷ, ഭാഷാന്തരണം, ഭാഷാന്തരീകരണം അനുവാദം, മൊഴിമാറ്റം, തർജ്ജമ തുടങ്ങിയ നിരവധി പദങ്ങൾ. ഇന്ത്യൻ ഭാഷകളിലെ പ്രധാനപ്പെട്ട കൃതികൾ എല്ലാം മലയാളത്തിന് വിവർത്തനത്തിലൂടെ ലഭ്യമായിട്ടുണ്ട്. ഇന്ത്യൻ സാംസ്കാരികതയെ ഒരുമിപ്പിക്കുന്ന പ്രക്രിയ എന്നതുപോലെതന്നെ ദേശീയോദ്ഗ്രഥനത്തിനും ഈ വിവർത്തനങ്ങൾ പ്രേരകമായിട്ടുണ്ട് എന്നുള്ളത് പ്രധാന വസ്തുതയാണ്.

ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ മലയാളസാഹിത്യത്തെയും ഭാവുകത്വത്തെയും സ്വാധീനിച്ച പ്രധാനപ്പെട്ട ഭാഷ ബംഗാളിയാണ്. ഇന്ത്യൻ നവോത്ഥാനത്തിന്റെ മുൻപന്തിയിൽ ഉണ്ടായിരുന്ന ഒരു പ്രദേശം ബംഗാളും ഭാഷ ബംഗാളിയുമായിരുന്നു. രവീന്ദ്രനാഥ ടാഗോർ, ബെങ്കിംഗ് ചന്ദ്ര ചാറ്റർജി, താരാശങ്കർ ബാനർജി, വിഭൂതിഭൂഷൻ ബന്ദോപാധ്യായ, ശരത്ചന്ദ്രചാറ്റർജി, മഹാശേതാദേവി, ബിമൽ മിത്ര മുതലായ ബംഗാളി സാഹിത്യത്തിലെ അനശ്വര പ്രതിഭകളെ മലയാളിക്ക് ഏറെ സുപരിചിതമാണ്. ഈ സുപരിചിതത്വം സംഭവിച്ചത് വിവർത്തനത്തിലൂടെയാണ്. ബംഗാളി സാഹിത്യത്തിലെ നോവൽ കൃതികൾ ധാരാളമായിമലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ദുർഗേശനന്ദിനി, ആരോഗ്യനികേതനം, ഇരുപതാംനൂറ്റാണ്ട്തുടങ്ങിയ കൃതികൾ മലയാളികളെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. രവീന്ദ്രനാഥ ടാഗോർ എന്ന ഇന്ത്യൻ കവി മലയാളികൾക്ക് ഏറെ പ്രിയപ്പെട്ട കവിയാണ്. അദ്ദേഹത്തിന്റെ കൃതികൾ

മലയാള കൃതി പോലെയാണ് നമ്മൾ വിവർത്തനത്തിലൂടെ വായിച്ച് ആസ്വദിക്കുന്നത്. മലയാള കവിതാ ഭാവുകത്വത്തെയും കവികളെയും സ്വാധീനിക്കാൻ ടാഗോറിന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളതും ശ്രദ്ധാർ ഹമാണ്. നോവൽ, ചെറുകഥ, കവിത, നാടകം തുടങ്ങി പ്രധാന സാഹിത്യ രൂപങ്ങൾ എല്ലാം ബംഗാളി സാഹിത്യത്തിൽ നിന്ന് മലയാളത്തിന് വിവർത്തനത്തിലൂടെ പകർന്നു കിട്ടിയിട്ടുണ്ട്. ഇതിന്റെ സ്വാധീനത പല പ്രകാരത്തിൽ മലയാളസാഹിത്യത്തിൽ പ്രത്യക്ഷമായും പരോക്ഷമായും പ്രകടമായിട്ടുണ്ട്.

## കാഴ്ചാനുഭവം എഴുതാം (വർണ്ണന)

പാഠഭാഗം കുട്ടികൾ വിശകലനം ചെയ്യട്ടെ. ആകാശം നരച്ചു വിളറിക്കിടക്കുകയാണ്, നേർത്ത മഞ്ഞിൻ പടലങ്ങൾ..... ഊളിയിട്ടു കളിക്കുന്നു തുടങ്ങിയ പ്രയോഗങ്ങൾ കണ്ടെത്തി വിശദീകരിക്കുന്നു.

ആകാശം നരച്ചു വിളറിക്കിടക്കുകയാണ് – (ആകാശത്തിന്റെ ദൃശ്യാനുഭവം സാധ്യമാക്കാൻ വരികൾക്ക് ആവുന്നുണ്ട്)

നേർത്ത മഞ്ഞിൻ പടലങ്ങൾ അകലത്തെ പൈൻമരക്കാടുകൾക്കിടയിൽ ഊളിയിട്ടു കളിക്കുന്നു.

(അകലെ പൈൻമരക്കാടുകൾ ഉണ്ടെന്നും - അവയ്ക്കിടയിൽ മഞ്ഞിന്റെ പടലങ്ങൾ-പുകച്ചുരുകൾ ദൃശ്യ മാകുന്നു)

### വർണനയിൽ എം.ടി. ഉപയോഗിച്ച സവിശേഷപദപ്രയോഗങ്ങൾ കണ്ടെത്തുന്നു

- മഞ്ഞിൻപടലങ്ങൾ
- പൈൻമരക്കാടുകൾ
- കുഴമഞ്ഞ്
- വെണ്മ
- മേഘലക്കീറുകൾ
- വിളറിക്കിടക്കുന്നു
- ഊളിയിട്ട് കളിക്കുന്നു
- ഉരുകിത്തീരാത്ത ശിശിരത്തിന്റെ ഓർമ്മക്കുറിപ്പുകൾ

ഒരു കാഴ്ചയെ അവതരിപ്പിക്കുമ്പോൾ ഇവ എങ്ങനെയാണ് കൂടുതൽ ആകർഷകമാക്കുന്നത്? ചർച്ച

- ഔചിത്യമുള്ള പദങ്ങൾ
- പദച്ചേർച്ചയിലെ ഭംഗി
- ആവർത്തനത്തിലെ ഭംഗി

എങ്കിൽ നിങ്ങളുടെ പ്രദേശത്തെ വയൽക്കാഴ്ചകൾ, പുഴയോരക്കാഴ്ചകൾ, ആകാശക്കാഴ്ചകൾ, എന്നിവയിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ചുള്ള വർണന തയ്യാറാക്കട്ടെ.

വർണന കേവലവിവരണമല്ല. വർണിക്കുന്നതിന്റെ നിറം, ഗുണം, ശബ്ദം, മുതലായ എല്ലാ സവിശേഷ തകളും നിറയുമ്പോഴാണ് വർണന മനോഹരമാകുന്നത്. എല്ലാ സവിശേഷതകളും മനസ്സിൽ പതിച്ചെ ടുക്കുന്ന സൂക്ഷ്മമായ നിരീക്ഷണമാണ് വർണനയുടെ ആദ്യപടി. മനസ്സിൽ പതിഞ്ഞ കാഴ്ചകളും അനുഭവങ്ങളും വാക്യങ്ങളിലൂടെ വർണിക്കുകയാണ് ഇനി വേണ്ടത്. അതിന് യോജിച്ച ഭാഷ കണ്ടെ ത്തുകയെന്നത് വളരെ പ്രധാനമാണ്. പ്രഭാതത്തിന്റെ സ്വച്ഛത, വിശുദ്ധി, സൗന്ദര്യം എന്നിവയൊക്കെ പ്രതിഫലിപ്പിക്കാനുചിതമായ വാക്കുകളും പ്രയോഗങ്ങളും ഉപയോഗിച്ചുകൊണ്ട് വേണം രചന നിർവ ഹിക്കാൻ എന്ന ധാരണ കുട്ടികളിൽ രൂപപ്പെടുത്തണം.

## പ്രതീക്ഷിത ഉൽപ്പന്നങ്ങൾ

- വർണ്ണന
- കടങ്കഥ പ്രോജക്ട് / ശേഖരണം
- പോസ്റ്റർ
- നോട്ടീസ്
- കഥാപാത്രനിരൂപണം
- പത്രവാർത്ത
- താരതമ്യക്കുറിപ്പ്
- സാദൃശ്യഭംഗി കുറിപ്പ്
- വിശകലന കുറിപ്പ്
- ആൽബം, ഡിജിറ്റൽ ആൽബം
- വാങ്മയ ചിത്രത്തിൽ നിന്ന് ചിത്രം
- ആസ്വാദനക്കുറിപ്പ്
- ഉപന്യാസം

## പ്രതീക്ഷിത പ്രകടനങ്ങൾ

- സ്വതന്ത്ര പ്രതികരണം
- പ്രശ്നോത്തരി
- കവിത ഈണം കണ്ടെത്തി അവതരിപ്പിക്കൽ
- വായിച്ച് ഉത്തരം പറയൽ
- വായിച്ച് ചർച്ച ചെയ്യൽ

## ഞാൻ എന്നെക്കുറിച്ച്

| | പൂർണ്ണമായും | ഭാഗികമായി | മെച്ചപ്പെടണം |
|---|---|---|---|
| ചിത്രങ്ങൾ, കവിതാ ശകലങ്ങൾ എന്നിവ വിശകലനം ചെയ്ത് കുറിപ്പുകൾ തയ്യാറാക്കാൻ കഴിയുന്നുണ്ട് | | | |
| സർഗാത്മക രചനകൾ ആശയം, ഭാവം എന്നിവയ്ക്ക് അനുസരിച്ച് ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കാനും ആസ്വദിക്കാനും കഴിയുന്നുണ്ട്. | | | |
| പത്രങ്ങളിലും മാധ്യമങ്ങളിലും വരുന്ന വാർത്തകൾ വിശകലനം ചെയ്യുകയും അവയിലെ പ്രധാന ആശയങ്ങൾ കണ്ടെത്തുകയും ചെയ്തു അഭിപ്രായക്കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| പുഷ്പോത്സവങ്ങൾ പോലെ ഭാഷാ പ്രാധാന്യമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവയെക്കുറിച്ചുള്ള പത്രവാർത്തകൾ തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| കവിതകൾ ആശയത്തിന് അനുയോജ്യമായ ഭാവം താളം ഈണം എന്നിവ പാലിച്ച് ആലപിക്കാനും അവയിലെ അർഥഭംഗി, കാവ്യഭംഗി, താളഭംഗി എന്നിവ കണ്ടെത്തി ആസ്വാദന കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| വിവിധതരം കാഴ്ചകളെ മൊബൈലിൽ പകർത്തുകയും അവയെ ഡിജിറ്റൽ ആൽബം ആക്കി മാറ്റാൻ കഴിയുന്നുണ്ട്. | | | |

| | | | |
|---|---|---|---|
| കഥകൾ വായിച്ച് ആസ്വദിക്കുകയും അവയിലെ ആശയങ്ങൾ വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| സ്വാതന്ത്ര്യത്തിന്റെ മഹത്വം വിളിച്ചറിയിക്കുന്ന കവിതകൾ, ഗാനങ്ങൾ, ലേഖനങ്ങൾ,കഥകൾ തുടങ്ങിയവ വായിച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കുകയും (ആശയ വ്യക്തത, വസ്തുനിഷ്ഠത, ഘടന, ഉപക്രമം, ഉള്ളടക്കം ഉപസംഹാരം 'എന്നിവ പാലിച്ച്) ഉപന്യാസം എഴുതാൻ കഴിയുന്നുണ്ട്. | | | |
| സർഗാത്മക രചനകൾ വായിച്ച് ആസ്വദിച്ചും, വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ സവിശേഷതകൾ രൂപം, ഭാവം, മറ്റ് കഥാപാത്രങ്ങളോടുള്ള ഇടപെടൽ, കഥാപാത്രത്തിന്റെ സ്ഥാനം എന്നിവ ഉൾക്കൊണ്ട് കഥാപാത്ര നിരൂപണം തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |
| 'സർഗാത്മക രചനകൾ വായിച്ച് കഥാപാത്രങ്ങളുടെ സ്വഭാവം, കഥയിലെ സ്ഥാനം 'തുടങ്ങിയവ വിശകലനം ചെയ്ത് സംഭാഷണം തയ്യാറാക്കുകയും അവയെ അടിസ്ഥാനമാക്കി ചെറു സംഘങ്ങളായി ലഘു നാടകങ്ങൾ അവതരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. | | | |
| സർഗാത്മക രചനകളിലെ ശീർഷകങ്ങൾ വിലയിരുത്തുകയും വിശകലനം ചെയ്യുകയും അവയുടെ ഔചിത്യം കണ്ടെത്തി അവതരിപ്പിക്കാനും കഴിയുന്നുണ്ട്. | | | |
| സർഗാത്മകരചനകളിലെ വർണ്ണനകൾ വായിച്ച് വിശകലനം ചെയ്യുകയും സമാനമായ വിവിധതരം കാഴ്ചകളെകുറിച്ച് ആകർഷകമായും അലങ്കാരികഭാഷ ഉൾപ്പെടുത്തിയും വർണ്ണനകൾ തയ്യാറാക്കാൻ കഴിയുന്നുണ്ട്. | | | |

1. സ്കൂളിലും സ്വന്തം വീട്ടിലും പുഷ്പോത്സവം സംഘടിപ്പിക്കുന്നത് വഴി എന്ത് ധാരണയാണ് നേടിയിട്ടുള്ളത്?

2. മനസ്സിലെ കിളി എന്ന കഥ വായിച്ചപ്പോൾ നിങ്ങളുടെ മനസ്സിൽ രൂപപ്പെട്ട വികാരമെന്താണ്?

3. ഈ യുണിറ്റിലെ രചനകളിലൂടെ കടന്നുപോയപ്പോൾ കേരളത്തിന്റെ പ്രകൃതിഭംഗിയെക്കുറിച്ച് ലഭിച്ച ധാരണകൾ എന്തെല്ലാം?

ഓരോ കുട്ടിയുടെയും മികവുകളും പരിമിതികളും സൂക്ഷ്മതലത്തിൽ കണ്ടെത്തേണ്ടതുണ്ട്. പരിമിതികൾ പരിഹരിക്കുന്നതിനായി വ്യക്തിപര പിന്തുണ നൽകുന്നതിനുള്ള പ്രവർത്തനപരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.

## ഗ്രന്ഥകാരപരിചയം



### സുഗതകുമാരി

1934 ജനുവരി 22ന് ജനിച്ചു. പ്രശസ്തകവിയും സ്വാതന്ത്ര്യസമരസേനാനിയും ആയിരുന്ന ബോധേശ്വരന്റെ മകൾ. കവി, പരിസ്ഥിതി പ്രവർത്തക, സാമൂഹികപ്രവർത്തക എന്നീ നിലകളിൽ പ്രശസ്തയാണ്. രാത്രിമഴ, പാവം മാനവഹൃദയം, അമ്പലമണി,പാതിരാപ്പൂക്കൾ, രാധയെവിടെ?, തുലാവർഷപ്പച്ച, മുത്തുച്ചിപ്പികൾ തുടങ്ങിയവയാണ് പ്രധാന കൃതികൾ. 2020 ഡിസംബർ രണ്ടിന് അന്തരിച്ചു.

### വള്ളത്തോൾ നാരായണമേനോൻ




1878-ൽ ജനിച്ചു. മലയാളത്തിലെ ആധുനിക കവിത്രയത്തിലൊരാൾ. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടഒട്ടനവധി കവിതകളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. കഥകളിയുടെ പുനരുദ്ധാരണത്തിനായി കേരളകലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ചു. വാല്മീകിരാമായണം, ഋഗ്വേദം, ശാകുന്തളം എന്നിവ മലയാളത്തിലേക്കു തർജമ ചെയ്യുകയുണ്ടായി. പത്മവിഭൂഷൺ ബഹുമതി ലഭിച്ചിട്ടുണ്ട്. വിയോഗം (മഹാകാവ്യം), ബധിരവിലാപം, ഒരു കത്ത്, ബന്ധനസ്ഥനായ അനിരുധൻ, ശിഷ്യനും മകനും, അച്ഛനും മകളും, മഗ്ദലനമറിയം, കൊച്ചുസീത, ഗണപതി, സാഹിത്യമഞ്ജരി-11 ഭാഗങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ.

### ബിമലേന്ദ്ര ചക്രവർത്തി



ത്രിപുരയിലെ അഗർത്തലയിൽ ജനനം. ബാങ്ക് ഉദ്യോഗസ്ഥൻ. ബംഗാളി ഭാഷയിൽ നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. ബാലസാഹിത്യം അദ്ദേഹത്തിന്റെ പ്രധാന എഴുത്തു മേഖലയാണ്. അമർചബി അമർചര, ഫ്രണ്ട്സ് ഓഫ് ദി ഗ്രീൻ ഫോറസ്റ്റ്(ഹരിതവനത്തിലെ കൂട്ടുകാർ), ബേഡ് ഓഫ് ദി മൈൻഡ് (മനസ്സിലെ കിളി) തുടങ്ങിയവയാണ് പ്രധാന കൃതികൾ. മനസ്സിലെ കിളി എന്ന ബാലസാഹിത്യകൃതി ഇംഗ്ലീഷ്, ചൈനീസ് തുടങ്ങിയ വിദേശ ഭാഷകളിലേക്കും മലയാളം, തമിഴ്, ഹിന്ദി, തെലുങ്ക് തുടങ്ങിയ ഇന്ത്യൻ ഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.



### ജി. കുമാരപിള്ള

1923 ആഗസ്റ്റ് 22ന് ജനിച്ചു. കവി, ഗാന്ധിയൻ, അധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനായി. അരളിപ്പൂക്കൾ, മരുഭൂമിയുടെ കിനാവുകൾ, ഓർമ്മയുടെ സുഗന്ധം, സപ്തസ്വരം എന്നിവയാണ് പ്രധാന കൃതികൾ. 2000 ആഗസ്റ്റ് 17ന് അന്തരിച്ചു.



### എം. ടി. വാസുദേവൻ നായർ

1933 ജൂലൈ 15ന് ജനിച്ചു. മലയാളസാഹിത്യത്തിലും ചലച്ചിത്രരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ അതിപ്രശസ്തൻ. അധ്യാപകനായും പത്രാധിപനായും പ്രവർത്തിച്ചു. മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, രണ്ടാമൂഴം, വാരണാസി, ഇരുട്ടിന്റെ ആത്മാവ് തുടങ്ങിയവയാണ് പ്രശസ്ത കൃതികൾ.



### സത്യചന്ദ്രൻ പൊയിൽക്കാവ്

1966 മാർച്ച് ആറിന് കോഴിക്കോട് ജില്ലയിൽ ജനിച്ചു. കവി, കഥാകൃത്ത്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനാണ്. പൊയിൽക്കാവിന്റെ കവിതകൾ, വേനൽ, മലയാളമഴ, മുകൾപ്പരപ്പിലെ മീനുകൾ, കള്ളം പറയുന്ന സിനിമകൾ തുടങ്ങിയവയാണ് പ്രധാനകൃതികൾ.